# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 15/2683/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 15/2683/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ കെ,കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ അബ്ദുനാസർ പി, ഓഡിറ്റ് ഓഫീസർ

ശ്രീ രാമകൃഷ്ണൻ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഹസ്ന വി സി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ലിബാസ് മൊയ്തീൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രഭാകരൻ പരി | സെക്രട്ടറി | 01-04-2022 | 05-10-2022 |
| ശ്രീ ബിജു എം | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ടിജി ആന്റണി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീ ഷാജി പി | കൃഷി ഓഫീസർ | 29-07-2022 | 28-08-2022 |
| ശ്രീമതി റിഷ്‌ല പുളിക്കൽ | കൃഷി ഓഫീസർ | 29-08-2022 | 31-03-2023 |
| ശ്രീമതി. അസ്മിനിത | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജേഷ് കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 01-02-2023 |
| ശ്രീമതി അഞ്ജന സുനിൽ | ഫിഷറീസ് ഇൻസ്പെക്ടർ | 02-02-2023 | 31-03-2023 |
| ശ്രീമതി മിൻഷ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 09-01-2023 |
| ശ്രീ ഷാജിത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-01-2023 | 31-03-2023 |
| ശ്രീ. അനിൽകുമാർ | വി ഇ ഒ | 01-04-2022 | 31-10-2022 |
| ശ്രീ ജോണി ആർ | വി ഇ ഒ | 01-11-2022 | 31-03-2023 |
| ശ്രീമതി. ഇന്ദിര സി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. നസീറ കെ.കെ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ നെഹല | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 21-06-2022 |
| ഡോ വന്ദന പ്രകാശ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 22-06-2022 | 31-03-2023 |
| ശ്രീമതി. ബീന പരോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 30-12-2022 |
| ശ്രീമതി സമീറ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 31-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-4 |
| 6 | ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-5 |
| 7 | NREGS ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | നിക്ഷേപം പുതുക്കിയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -അവലോകനം | 1-11 |
| 21 | തനതു വരുമാനം-അവലോകനം | 1-12 |
| 22 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-13 |
| 23 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 1-14 |
| 24 | ബയോബിൻ വിതരണം- രശീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ | 1-15 |
| 25 | വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങൽ– മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-16 |
| 26 | സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തി | 1-17 |
| 27 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 28 | അങ്കണവാടി കലോത്സവം - അധിക തുക ചെലവഴിച്ചു | 1-19 |
| 29 | കോക്ലിയാർ ഇംപ്ലാന്റ് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 30 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ | 1-21 |
| 31 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി | 1-22 |
| 32 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികവിലക്ക് വാഴക്കന്ന് വാങ്ങി | 1-23 |
| 33 | കുറ്റിക്കുരുമുളക് വിതരണം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 34 | അംഗൻവാടികൾക്ക് നെയിംബോർഡ് - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 35 | എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 36 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതി - വിശദാശങ്ങൾ ലഭ്യമാക്കിയില്ല. | 1-27 |
| 37 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-28 |
| 38 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി വളം വാങ്ങി | 1-29 |

| | | |
|---|---|---|
| 39 | വെറ്റിലകർഷകർക്ക് ഏണി നൽകൽ– അപാതകൾ | 1-30 |
| 40 | തുല്യത പരീക്ഷ -പഠിതാക്കളുടെ ഫീസ് നൽകൽ– അപാകതകൾ | 1-31 |
| 41 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുളം നിർമ്മിച്ച് നൽകിയ ഗുണഭോക്താവിന് കുളം നിർമ്മിക്കുന്നതിന് സബസിഡി അനുവദിച്ചു | 1-32 |
| 42 | ബയോബിൻ വിതരണം - പദ്ധതി നിർവ്വഹണത്തിന്റെ അപാകതകൾ | 1-33 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുന്നില്ല | 1-34 |
| 44 | ലാപ്ടോപ്പ് വിതരണം പൂർത്തീകരിച്ചില്ല | 1-35 |
| 45 | മുൻകൂറുകൾ ക്രമീകരിച്ചില്ല. | 1-36 |
| 46 | മാലിന്യ നിർമ്മാർജ്ജനം - ക്ലീൻ കേരളക്ക് GST ഉൾപ്പെടെയുള്ള തുക നൽകി | 1-37 |
| 47 | ഭവന പുനരുദ്ധാരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-38 |
| 48 | ജലനിധി ബൾക്ക് വാട്ടർ സപ്ലൈ- ഗ്രാമപഞ്ചായത്തിന് ബാധ്യത | 1-39 |
| 49 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 1-40 |
| 50 | പി.എച്ച്.സി. പുതിയ കെട്ടിട നിർമ്മാണം-സൈറ്റ് ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ - ആദായ നികുതി ഈടാക്കിയില്ല. | 1-41 |
| 51 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-42 |
| 52 | ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു. | 1-43 |
| 53 | ലൈഫ് മിഷൻ വായ്പ എടുക്കാത്ത ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് ബജറ്റ് വിഹിതത്തിൽ നിന്നും തിരിച്ചടവിനുള്ള വിഹിതം സർക്കാർ കുറവ് ചെയ്തു | 1-44 |
| 54 | പദ്ധതി മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-45 |
| 55 | വിവിധ തനത്ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല. | 1-46 |
| 56 | ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങൽ -അപാകതകൾ | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികവിലക്ക് വാഴക്കന്ന് വാങ്ങി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിറിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം:
തീയതി: 20-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (1139117/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം ആയി ചേർത്തിട്ടുള്ള തുകയും (-2496848/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 310900101 എന്ന ഹെഡിൽ – Excess Of Income Over Expenditure ശീർഷകത്തിൽ നീക്കീയിരുപ്പ് ₹18591778 ആണ്. ഇത് ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരുപ്പുമായി ( ₹15086311 )പൊരുത്തപ്പെടുന്നില്ല.

## 1-1-4 റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം

2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 36300403 - രൂപ. എന്നാൽ തൻവർഷത്തെ മുന്നിരിപ്പായി ചേർത്തിട്ടുള്ളത് 36283616/- രൂപയാണ്. വ്യത്യാസം-16787 രൂപ

## 1-1-5 ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല

പ്രോജക്റ്റ് നം. 177/23, 183/23, 162/23 , 163/23, 216/23 എന്നിവ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 NREGS ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല ( NREGS കാഷ് ബുക്ക് പ്രകാരം 8905691 രൂപ ചെലവുണ്ട്). ഭരണ ചെലവ് മാത്രമാണ് I-6 ൽ ഉൾപ്പെട്ടിട്ടുള്ളത്.

## 1-1-7 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1.അഡ്വാൻസ് രജിസ്ററർ, ഡെപ്പോസിറ്റ് രജിസ്ററർ എന്നിവ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള മുൻകൂറുകളുടെയും ഡെപ്പോസിറ്റുകളുടെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല.
2.ബാലൻസ് ഷീറ്റ് B 4 ൽ ഉൾപ്പെട്ടിട്ടുള്ള Specific Purpose Grant കൾക്ക് ACR സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-8 നിക്ഷേപം പുതുക്കിയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പെരുമണ്ണ ക്ലാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലുള്ള ഫിക്സഡ് ഡെപ്പോസിറ്റ് തുക 22-23 വർഷം പുതുക്കിയ തുകയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷത്തെ നീക്കിയിരിപ്പായ 4128771 /-രൂപ തന്നെയാണ് തൻവർഷത്തെ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി (B-11 Schedule) പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 2(1)/25.03.22 | 04.03.2023(1(2) |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36283616 |
| വരവ് | 107036228 |
| ആകെ | 143319844 |
| ചെലവ് | 109533076 |
| നീക്കിയിരിപ്പ് | 33786768 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18218000 | 18218000 | 17771206 | 446794 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1373855 | 1373855 | 1369174 | 4681 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2771000 | 2771000 | 2557423 | 213577 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4742000 | 4742000 | 4728168 | 13832 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 6543339 | 6543339 | 2956606 | 3586733 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 3060641 | 3060641 | 3575092 | -514451 |
| ബി ഫണ്ട് | 0 | 32752800 | 32752800 | 32752800 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 80485062 | 109 | 39350320 | 9 | 35 | 71.24% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5007 | 581874 | 586881 | 579541 | 7340 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8905691 | 8905691 | 8905691 | 0 |

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. NREGS കാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 939600 | 41 |
| വിധവാപെൻഷൻ | 8963600 | 429 |
| വാർദ്ധക്യകാലപെൻഷൻ | 19275400 | 1709 |
| വികലാംഗപെൻഷൻ | 3462200 | 296 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 112000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023 ന് 12.30 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 979/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
2. വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ ചുമതലകൾ പൂർണ്ണമായി നിറവേറ്റുന്നില്ല.
3.വിവിധ പദ്ധതികൾക്ക് വേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നത് വി.ഇ.ഒ.യുടെ ക്യാഷ്ബുക്കിൽ ചേർക്കുന്നില്ല.
4.ഐ.സി.ഡി.എസ്. സൂപ്പർവൈസർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5)കേരള ഫിനാൻഷ്യൽ കോഡ് വാല്യം 120 മുതൽ 162വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

6)വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക ഗ്രാമപഞ്ചായത്ത് മാസംതോറും അടവാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവ് വിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.
7) അവസ്ഥാ വിശകലന രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കപ്പെടുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ വിശകലന രേഖയിൽ ശരിയായ അവസ്ഥ പ്രതിഫലിക്കുന്നില്ല. ശരിയായി വിവരങ്ങൾ ഉൾപ്പെടുത്തി പോരായ്മ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2022 | 07/2022 - 09/2022 | 19.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | ഒക്ടോബർ 2000 മുതൽ 2007-08 വരെ | 28.08.2008 |

## 1-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **സാമ്പത്തിക വർഷം** | **പ്രൊജക്ട് പേര്** | **Impl Code** | **ഏജൻസി** | **മുൻകൂർ നൽകിയ തുക/ ഫണ്ട്** | **ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം)** | **ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹)** |
|---|---|---|---|---|---|---|---|
| 1 | 2016-17 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 1599975 (KLGSDP | 0 | 1599975 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സ്ട്രീറ്റ് ലൈൻ വലിക്കൽ, (103/17) | | | ഫണ്ട്) | | |
| 2 | 2017-18 | സ്ട്രീറ്റ് മെയിൻ നീട്ടൽ 167/18 | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 7,81,960 (സി എഫ് സി -ബേസിക് ഗ്രാന്റ് ) | 0 | 7,81,960 |
| 3 | 2019-20 | ആയുർവേദ ഡിസ്പൻസറി വൈദ്യുതീകരണം പ്രൊ.നം. 229/19-20 | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 46484/ (പ്ലാൻ ഫണ്ട്) | 0 | 46484 |
| 4 | 2019-20 | കുഴൽ കിണർ അറ്റകുറ്റപ്പണി പ്രൊ.നം. 207/20 | സെക്രട്ടറി (ഗ്രാ.പ) | ജി.ഡബ്ല്യു.ഡി | 185675/ (സി എഫ് സി -ബേസിക് ഗ്രാന്റ് ) | 0 | 185675 |
| 5 | 2019-20 | സി.സി.ടി.വി സ്ഥാപിക്കൽ SO 205/20 | സെക്രട്ടറി (ഗ്രാ.പ) | പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ | 66,663 (സിഎഫ് സി -ബേസിക് ഗ്രാന്റ് & 42560 തനത്ഫണ്ട്- 24103രൂപ) | 0 | 66,663 |
| 6 | 2021-22 | വാർഡ്-1 സ്ട്രീറ്റ് മെയിൻ-83/21-22 | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 99828 (പ്ലാൻഫണ്ട്) | 0 | 99828 |
| 7 | 2021-22 | വാർഡ്-4 സ്ട്രീറ്റ് മെയിൻ-85/21-22 | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 299956 (പ്ലാൻഫണ്ട്) | 0 | 299956 |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ചെലവഴിക്കാത്ത തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/27.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 തനതു വരുമാനം-അവലോകനം

തനതു വരുമാനം- ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 15 മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വേക്കൻസി റെമിഷൻ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും (04.07.22/3), വസ്തുനികുതി പിരിവ് 100 % കൈവരിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുന്നതിനും (14.11.22/2, 17.12.22/2) തീരുമാനങ്ങളെടുത്തിട്ടുണ്ടെങ്കിലും 2022-23

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ഇനത്തിൽ 96979/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയിൽ പരിശോധന നടത്തി മാറ്റം വരുത്തിയിട്ടുണ്ട്.
3)പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ 30.09.2023 ലെ SC-3108/2023 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. നിലവിൽ സഞ്ചയയിൽ പുതുക്കിയ വസ്തുനികുതി നിരക്ക് കാലികമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം 948 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. നിലവിൽ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന ആരംഭിച്ചിട്ടുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |

| | |
|---|---|
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. (ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ/ വാർഷിക കണക്ക് എന്നിവ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഇല്ല.)

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

ലൈസൻസ് ഫീസ്- ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല/ ലഭ്യമാക്കിയിട്ടില്ല. പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മറ്റിനങ്ങൾ

സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനുള്ള എസ്.ബി.ഐ ബാങ്ക് ശാഖയിൽ (എടരിക്കോട് ശാഖ) ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67208517641) 01.04.22 ന് 4680961/- രൂപ മുൻബാക്കിയും 31.3.2023ന് 7305640/- രൂപ നീക്കിയിരിപ്പും ഉണ്ട്. (ബാങ്ക് പാസ്ബുക്ക് പ്രകാരം യഥാക്രമം 7373077.25രൂപ , 7285495.25 രൂപ, ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ 31.10.2023

ലെ ബാലൻസ് പാസ്ബുക്ക് പ്രകാരം 9066246.25/- രൂപ)
പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടയിട്ടുണ്ട് . കറന്റ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/25.11.23) തനത് ഫണ്ട് എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി അറിയിക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ബയോബിൻ വിതരണം- രശീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ

2011 ലെ കേരളാ പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ്) ചട്ടങ്ങളിലെ അധ്യായം 3 ൽ ചട്ടം 23 പ്രകാരം കാഷ് , മണി ഓർഡർ, ചെക്ക് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ചട്ടം 18 പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ കാഷ് ബുക്കിൽ/ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വിഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ബയോബിൻ വിതരണം (71/23) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഉപയോഗിച്ച രശീതി ബുക്കുകൾ പരിശോധിച്ചതിൽ പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ ദീർഘകാലം കൈവശം വെച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക ഓഡിറ്റ് തിയതി വരെ ചെലവ് ചെയ്തിട്ടില്ല).

<table>
<tr><th>ക്രമ നമ്പർ</th><th>രശീതി ബുക്ക് നമ്പർ</th><th>ഉപയോഗിച്ച രശീതികൾ</th><th>തിയതി</th><th>തുക</th><th>കുറിപ്പ്</th></tr>
<tr><td rowspan="2">1</td><td rowspan="2">13012</td><td>1 മുതൽ 49 വരെ</td><td>എഴുതിയിട്ടില്ല</td><td>49x220=10780</td><td rowspan="2">ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള രശീതി ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത ആകെ തുക 76857/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയതു 13.11.2023 ന് ആണ് (രശീതി നമ്പർ1230401604).</td></tr>
<tr><td>50 മുതൽ 99 വരെ (രശീതി നമ്പർ 100 ഉപയോഗിച്ചിട്ടില്ല)</td><td>തിയതി കൃത്യത ഇല്ലാതെയാണ് എഴുതിയത് (16.12 22 മുതൽ 30.12.22 വരെ വിവിധ തിയതികൾ ചേർത്തിട്ടുണ്ട്)</td><td>50x200=10000</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 2 | 13015 | 1മുതൽ 17 വരെ | 30.12.22 | 27x200=5400 | രേഖപ്പെടുത്തിയിട്ടുള്ള തിയതി പ്രകാരം 16.12.2022 മുതൽ 13.11.2023 വരെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. |
| | | 18-21 | 03.01.23 | | |
| | | 22-27 | 03.11.23 | | |
| | | 28 | 03.11.23 | 187 | |
| | | 29-99 | 10.11.23 | 71x187=13277 | |
| 3 | 13017 | 1 | 10.11.23 | 100x187=18700 | |
| | | 2-5 | 13.11.23 | | |
| | | 6-40 | 04.11.23 | | |
| | | 41-45 | 06.11.23 | | |
| | | 46-87 | 07.11.23 | | |
| | | 88-93 | 09.11.23 | | |
| | | 94-98 | 11.11.23 | | |
| | | 99-100 | 13.11.23 | | |
| 4 | 13008 | 1-4 | 13.01.23 | 99x187=18513 | |
| | | 5-21 | 20.01.23 | | |
| | | 22-47 | 25.01.23 | | |
| | | 48-52 | 09.02.22 | | |
| | | 53-78 | 22.02.23 | | |
| | | 79 | 01.03.23 | | |
| | | 80-81 | തിയതി വ്യക്തമല്ല | | |
| | | 82 | 23.03.23 | | |
| | | 83-99 (രശീതി നമ്പർ 100 ഉപയോഗിച്ചിട്ടില്ല) | 13.11.23 | | |
| 5 | 14879 | 1-100 | 14.11.23 | 100x187=18700 | 1230401632/15.11.2023 പ്രകാരം 18700/- രൂപ അടവാക്കി |
| 6 | 14880 | 1-100 | 17.11.23 | 100x187=18700 | 1230401689/22.11.2023 പ്രകാരം 28611/- രൂപ അടവാക്കി |
| 7 | 14881 | 1-53 | 17.11.23 | 53x187=9911 | |

<u>മറ്റ് അപാകതകൾ</u>

1. രശീതിയിൽ തീയതി രേഖപ്പെടുത്താതെ തുക പിരിച്ചെടുക്കുന്നു. ഉദാ. ബുക്ക് നമ്പർ 13012 ൽ 1 മുതൽ 49 വരെ.

2. ഗുണഭോക്താക്കൾക്ക് രശീതിന്റെ പകർപ്പ് നൽകുന്നതിന് പകരം അസ്സൽ നൽകി. (ഉദാ. ബുക്ക് നമ്പർ 13012 രശീതി നമ്പർ 53,54)

3. രശീതി തിയതി ചേർക്കുന്നതിൽ കൃത്യതയില്ല. (ബുക്ക് നമ്പർ 13017 ൽ 13.11.23 തിയതി ക്ക് ശേഷമാണ് 04.11.23, 06.1123, 07.11.23, 09.11.23 എന്നീ തിയതികളിൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളത് )

4. കളക്ഷൻ രജിസ്റ്ററിൽ ഗുണഭോക്താക്കളുകളുടെ പേരും അടവാക്കിയതിന്റെ വിശദാംശങ്ങളും മാത്രമാണ് ചേർത്തിട്ടുള്ളത്. തുക പിരിച്ചെടുക്കാനുപയോഗിച്ച രശീതി ബുക്ക് , പിരിച്ചെടുത്ത തിയതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.
അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/29.11.23) അറിവില്ലായ്മ മൂലമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്നും ഭാവിയിൽ ആവർത്തിക്കില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
ഗ്രാമപഞ്ചായത്തിന് വേണ്ടി പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം അടവാക്കാതെ കൈവശം വെക്കുന്നത് ക്രമവിരുദ്ധമാണ്. ആയത് കൃത്യമായി അടവാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (PHC) 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് 1369988/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 633992/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെക്ക്/ബിൽ നം./തി | മരുന്ന് ലഭിച്ചത് Inv No./ തിയതി/തുക | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 19/23 പിഎച്ച്സി ക്ക് മരുന്ന് | 300000/-(NR)<br>ബിൽ നം 12/22-23 /05.09.22<br>PRF 763/22.07.22 | Inv No.18263/23.11.22 /74424<br>Inv No.27171/20.3.23 /74424<br>Inv No.992/18.04.23/332<br>Inv No.1194/24.4.23 /68901<br>Inv No 766/24.05.23 /47394<br>**Total-265475** | 34525 |
| | 119996/-(NR)<br>ബിൽ നം-40/22-23 /10.03.23<br>PRF 4617/21.02.23 | Inv No.20603/09.11.23 /26330 | 93666 |
| 24/23കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | 449998/-(പൊതുവിഭാഗം)<br>21/22-23/12.12.23<br>PRF 2599/28.11.22 | Inv No.9649/17.6.23 /75264<br>Inv No.14930/1.8.23 /21584<br>**Total-96848** | 353150 |
| | 199994/-(പൊതുവിഭാഗം)<br>53/22-23/22.03.23<br>PRF 4618/21.02.23 | Inv No.8891/13.6.23 /120272 | 79722 |
| 23/23 പരിരക്ഷ പാലിയേറ്റീവ് കെയർ | 200000/-<br>(പൊതുവിഭാഗം)<br>31/22-23/08.2.23<br>PRF 2939/13.12.22 | Inv No.26686/10.3.23 /16953<br>Inv No.27019/16.3.23/5813<br>Inv No2948/10.5.23/2150<br>Inv No.4023/17.5.23 /17866<br>Inv No.4221/18.5.23/2078 | 34533 |

| | | | |
|---|---|---|---|
| | | Inv No.6365/27.5.23/52986<br>Inv No.6367/27.5.23/23631<br>Inv No.6397/27.5.23/10078<br>Inv No.7675/03.6.23/2135<br>Inv No.8455/10.6.23/1189<br>Inv No.10501/24.06.23/16914<br>Inv No.12649/13.7.23/582<br>Inv No.19306/11.10.23/2360<br>Inv No.18923/4.10.23/1274<br>Inv No.16262/17.8.23/1105<br>Inv No.311/4.4.23/3988<br>Inv No.16861/22.8.23/1635<br>Inv No.19394/12.10.23/938<br>Inv No.27883/27.3.23/1792<br>**Total- 165467** | |
| | 100000/-<br>(പൊതുവിഭാഗം)<br>64/22-23/28.3.23<br>PRF 5497/20.03.23 | Inv No.6252/26.5.23/27646<br>Inv No.6640/30.5.23/4704<br>Inv No.11017/30.6.23/8742<br>Inv No.13103/18.7.23/9981<br>Inv No.16120/16.8.23/6999<br>Inv No.18701/27.9.23/3532<br>**Total-61604** | 38396 |
| ആകെ- | 1369988 | 735996 | 633992 |

ഓഡിറ്റ് എൻക്വയറിക്ക് (6/25.11.23) മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തി

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് - 174/23 , രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ

അടങ്കൽ- 236447/-(ഹെൽത്ത് ഗ്രാന്റ്)

ചെലവ് - 218816/-(ബിൽ നമ്പർ-260/23.03.23)

പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായി സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (Invoice Number-MJRI/22-23/191 Dtd 06.02.23 തുക 72093/-).

| ക്രമ നം. | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് |
|---|---|---|---|
| 1 | Steel Cabinet<br>4 Fixed Shelf, 198x90x48 Cm/ 20 G, Powder Coat Finishing | 4 | 11399 |
| 2 | Examination Table<br>MS Powder Coated With Matres-L 182cm -W 53, H 81cm (Spl Type) | 1 | 15500 |

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തിയതി 28.05.2015, സ ഉ (സാധാ) 97/2022/SPD തിയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലവിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർപർചേസ് മാന്വൽപ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഉപകരണങ്ങൾ സിഡ്കോയിൽ നിന്നു നേരിട്ട് പർചേസ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(8/27.11.23) യുടെ മറുപടിയായി ലഭ്യമാക്കിയ ലിസ്റ്റിൽ സ്പെസിഫിക്കേഷൻ വ്യത്യാസം ഉള്ളതായും അധിക തുക അനുവദിച്ചതായും കാണുന്നു. ടി ലിസ്റ്റ് പ്രകാരം അനുവദിക്കാവുന്ന തുക ക്രമ. നം. (1) ന് 8675/- രൂപയും ക്രമ നമ്പർ. (2) ന് 11,043/- രൂപയുമാണ്. ഇത്തരത്തിൽ അധികം നൽകിയ 15,393/- രൂപ ( 2724x4+4457) തിരികെ ഈടാക്കുകയോ അധിക നിരക്കിനെ സാധൂകരിക്കുന്ന ഉത്തരവ് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. 15,393/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയ സ്കൂൾ ക്ലാസ്സ്മുറികളുടെ വിവരവും പഞ്ചായത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരവും പരിശോധിച്ചതിൽ സ്കൂളുകളിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നു.

ലഭ്യമാക്കിയ ഗാർഡൻ വാലി സ്കൂളിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം (Sq M) |
|---|---|---|
| Garden Valley English Medium | 11/346-14 ച മീ<br>11/347-14 ച മീ | 6x6x8=288<br>6x6x1=36 |

| | | |
|---|---|---|
| Higher Secondray School, കുറ്റിപ്പാല | 11/348-14 ച മീ<br>11/349-14 ച മീ<br>ആകെ 56 ച മീ | 6x6x10=360<br>6.20x6.30x2=78.12<br>6.05x6.30x1=38.115<br>6x6x10=360<br>6.20x6.30x1=39.06<br>7.20x6.30x1=45.36<br>6.05x6.30x1=38.115<br>6.20x6.30x1=39.06<br>7.20x6.30x1=45.36<br>6.05x6.30x1=38.115<br>**Total=1405.31** |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതുൾപ്പെടെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/30.11.230) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 അങ്കണവാടി കലോത്സവം - അധിക തുക ചെലവഴിച്ചു

പ്രോജക്ട് : 135/23 അങ്കണവാടി കലോത്സവം

അടങ്കൽ തുക : 15,000/- ( വികസനം- ജനറൽ) + 35000 ( തനത് ഫണ്ട്)

ചെലവ് : 15,000/- ( വികസനം- ജനറൽ) + 34963 ( തനത് ഫണ്ട്)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അടങ്കൽ | ചെലവ് | ഫണ്ടിനം | ബിൽ നമ്പർ/വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 15000 | 15000 | വികസനം-ജനറൽ | 22151752037800820275/ 25.11.2022 (15,000/-) | ടീ ആന്റ് സ്നാക്സിനായി കുടുംബശ്രീക്ക് നൽകിയ 22125/- രൂപ (Bill Dated 05.11.2022 – തനിമ കുടുംബശ്രീ)+ കേരള ട്രോഫി ഹൗസിനു 352 ട്രോഫികൾ വാങ്ങിയ ഇനത്തിൽ നൽകിയ 24838/- (Bill No .110/24.11.2022) +ഫോട്ടോസ്പോട്ട് ഡിജിറ്റൽ സ്റ്റുഡിയോക്ക് |
| 2 | 35000 | 34963 | തനത് ഫണ്ട് | 22200585/19.12.2022(31963)<br>22200586/19.12.2022 (3000) | |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയ3000/- രൂപ (Bill No.1988/No Date) |
| | 50000 | 49963 | | | |

സബ്സിഡി മാർഗ്ഗരേഖ സ. ഉ(കൈ) നം. 115/2022 തസ്വഭവ , തിയ്യതി 28.05.2022 ക്രമ നമ്പർ 7.5.1 പ്രകാരം അങ്കണവാടി കുട്ടികളുടെ കലാകായിക മത്സരങ്ങൾക്ക് പരമാവധി 15000/-രൂപ ചെലവഴിക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം 49963 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക അധികം ചെലവഴിക്കാൻ ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്നും പ്രോജക്ടിനായി വാങ്ങിയ 352 ട്രോഫികൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/25.11.2023) മറുപടി ലഭ്യമാക്കിയില്ല.

തുക അധികം ചെലവഴിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതും ട്രോഫികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ആയതു വരെ മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളതിലും അധികമായി ചെലവഴിച്ച 34963/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 കോക്ലിയാർ ഇംപ്ലാന്റ് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 208/23 കോക്ലിയാർ ഇംപ്ലാന്റ്

അടങ്കൽ തുക : 1,50,000/- ( വികസനം- ജനറൽ)

ചെലവ് : 1,50,000/- ( വികസനം- ജനറൽ) (22151752037801374138/15.02.2023)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് ആയതിന്റെ മെയിന്റനൻസിനായി 50,000/- രൂപ വീതം 1,50,000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ തിയ്യതി |
|---|---|---|
| 1 | മുഹമ്മദ് ഇഷാം തറമ്മൽ | 21.11.2017 |
| 2 | സഫാന ഷെറിൻ | 17.01.2011 |
| 3 | ശ്രുഹദ മിഹർ പാപ്പാലി | 22.0.2013 |

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/25.11.2023) നിലവിൽ ടി പദ്ധതി സ്റ്റേറ്റ് ഹെൽത്ത് മിഷന് കൈമാറിയതിനാൽ, പ്രോജക്ട് പ്രകാരമുള്ള തുക സോഷ്യൽ സെക്യൂരിറ്റി മിഷൻ, ഹെൽത്ത് മിഷന് നൽകിയിട്ടുണ്ടെന്നും ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹെൽത്ത് മിഷനിൽ നിന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 150000/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ

പ്രോജക്ട് : 89/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ തുക : 9,90,000/- ( വികസനം- ജനറൽ) + 495000 ( ബ്ലോക്ക് വിഹിതം) +165000 (ജില്ലാ പഞ്ചായത്ത് വിഹിതം)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അടങ്കൽ | ചെലവ് | ഫണ്ടിനം | ബിൽ നമ്പർ/വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | 990000 | 988875 | വികസനം- ജനറൽ | 22151752037800820280/ 25.11.2022 (6,72,000/-)<br>22151752037801374164/15.03.2023 (1,71,975/-)<br>22151752037801374153/ 15.03.2023 (1,10,000/-)<br>22151752037801520174/28.03.2023 (34,900/-) |

| | | | | |
|---|---|---|---|---|
| 2 | 495000 | 440000 | ബ്ലോക്ക് വിഹിതം | 22151752037801160101/08.02.2023 (4,40,000/-) |
| 3 | 165000 | 121225 | ജില്ലാ പഞ്ചായത്ത് വിഹിതം | 22151752037800943706/ 22.12.2022 (1,21,225/-) |
| ആകെ | 1650000 | 1550100 | | |

മേൽ പ്രോജക്ട് പ്രകാരം 69 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവ് പരിശോധനയിൽ കണ്ട താഴെപറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി

സബ്സിഡി മാർഗ്ഗരേഖ സ. ഉ(കൈ) നം. 115/2022 തസ്വഭവ , തിയ്യതി 28.05.2022 ക്രമ നമ്പർ 7.1.6 എ, ബി, സി,ഡി എന്നിവ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പിന്റെ വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് മാർഗ്ഗരേഖയിൽ അനുവദനീയമായതിലും അധികമായി തുക നൽകിയിട്ടുണ്ട്.വിശദാംശം.

| ഗുണഭോക്താവ് | ഭിന്നശേഷി | പഠിക്കുന്ന ക്ലാസ്സ് | സബ്സിഡിമാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക | നൽകിയ തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| റിയ ഫാത്തിമ്മ കുന്നത്തേടത്ത് | ലോക്കോ മോട്ടോർ ഡിസബിലിറ്റി | 2nd Std | 5300 | 12000 | 6700 | 22151752037801374164/15.03.2023 (1,71,975/-) പ്രകാരം 6400 രൂപയും 22151752037800943706/ 22.12.2022 (1,21,225/-) പ്രകാരം 5600 രൂപയും |

തുക അധികം നൽകാൻ ആധാരമാക്കിയ സർക്കാർ ഉത്തരവ്, വൈകല്യ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികം നൽകിയ തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/25.11.2023) റിയ ഫാത്തിമ്മക്ക് ലോക്കോമോട്ടോർ ഡിസബിലിറ്റി ആയതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലാണ് 4000 രൂപ നൽകിയതെന്ന് (വൗച്ചർ ലഭ്യമാക്കി) അറിയിച്ചു. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലെ 4000 രൂപ ഉൾപ്പെടെ 9300/- രൂപക്കാണ് ഗുണഭോക്താവിന് അർഹതയുള്ളത്. അധികം നൽകിയ തുക 2700/- രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ സ്കോളർഷിപ്പ് തുക നൽകുമ്പോൾ ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട. തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 2700/- രൂപ തടസ്സം ചെയ്യുന്നു.
ഗ്രാമ പഞ്ചായത്തിൽ ഭിന്നശേഷി സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹരായ വിദ്യാത്ഥികളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ധനസഹായത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടേയും അല്ലാത്തവരുടേയും പട്ടിക നോട്ടീസ് ബോർഡിൽ പ്രസിദ്ധികരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ , തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | ബിൽ/ഇൻവോയ്സ് /തീയതി/അപാകത |
|---|---|---|---|
| കറിക്കുരുമുളക് വിതരണം - വനിത- 82/23 അടങ്കൽ-366160 | കറിക്കുരുമുളക് 1592 എണ്ണം @ 230/no | ആകെ ചെലവ് : 366160 274620/- (22151752038001537751/28.03.2023) | പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ |

| | | | |
|---|---|---|---|
| (214620/-പ്ലാൻ ഫണ്ട് + 91540 /- ഗുണഭോക്തൃ വിഹിതം) | | 91540/-<br>(22200949/31.03.2023) | നം.350/02.03.2023)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| വാഴക്കന്ന് വിതരണം- വനിത<br>( 81/23)<br>258100/-പ്ലാൻഫണ്ട് | വാഴക്കന്ന്<br>( നേന്ത്രൻ)<br>12905 Nos @ 20/no | 258100<br>(22151752038001083247/24.01.2023) | പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം.414/13.01.2023)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറിതൈ വിതരണം- വനിത( 80/23)<br>അടങ്കൽ : 250000/- പ്ലാൻ ഫണ്ട് | വഴുതന,തക്കാളി, മുളക് തൈകൾ<br>100000 Nos @ 2.5/no | 250000<br>(22151752038001036476/12.01.2023) | പൊന്മുണ്ടം എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം.219/08.01.2023<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| ഇടവിളകൃഷി പ്രോത്സാഹനം - വനിത ( 83/23)<br>അടങ്കൽ : 1296135/- പ്ലാൻ ഫണ്ട് | ഇടവിളക്കിറ്റ്<br>2592 Nos @ 500/കിറ്റ് | ആകെ ചെലവ് : 1296000<br>770000<br>(22151752038001124449/02.02.2023)<br>526000<br>(22151752038001165944/09.02.2023) | പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം. 348/01.02.2023+ 349/03.02.2023)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല.<br>ഇടവിളകിറ്റിൽ ഉൾപ്പെടുത്തി ഏതെല്ലാം ഇനം വിത്തുകളാണ് നൽകിയതെന്നത് കാണിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല |
| സമഗ്ര നെൽകൃഷി വികസനം വിതരണം - വനിത- 78/23<br>അടങ്കൽ : 1203115<br>(548365/-പ്ലാൻഫണ്ട് +<br>400000/- - ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 212500/- - ജില്ലാ പഞ്ചായത്ത് വിഹിതം + 42250 /- ഗുണഭോക്തൃ വിഹിതം | 1770 കി.ഗ്രാം പൊൻമണി നെൽവിത്ത് @42/kg | 74340/-(22151752038000824160 /26.11.2022) | Mankada Agricultural &General Marketting Co-Op Society, Makkarapparambu Invoice No. 3450/ 20.08.2022 |
| | ആകെ | 2244600 | |

വാങ്ങലിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 10/27.11.2023, 15/28.11.2023) പൊൻമണി നെൽ വിത്ത് ലഭ്യമാക്കുന്നതിനായി National Seed Co-operation -ൽ ഇന്റന്റ് നൽകിയെങ്കിലും ആയത് ലഭ്യമല്ലെന്ന് അറിയിച്ചതിനാലാണ് വളരെ അടിയന്തിരമായ സാഹചര്യത്തിൽ മങ്കട അഗ്രിക്കൾച്ചറൽ ആന്റ് ജനറൽ മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാങ്ങിയതെന്നുമാണ് മറുപടി നൽകിയത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച ₹2244600 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങലുകൾ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-23 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികവിലക്ക് വാഴക്കന്ന് വാങ്ങി

പ്രോജക്ട് : 81/23 വാഴക്കന്ന് വിതരണം - വനിത

അടങ്കൽ :258100/-(വികസനം- ജനറൽ)

ചെലവ് : 258100/- (22151752038001083247/24.01.2023)

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം വാഴക്കന്ന് 100% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയക്കണമെന്നും നിർദ്ദേശമുള്ളതാണ്. 2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനുട്സ് പ്രകാരം വാഴക്കന്നി (നേന്ത്രൻ ) ന്റെ യൂണിറ്റ് കോസ്റ്റ് 15/- രൂപയാണ്. കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം ഒരു വാഴക്കന്നിന് 20/- രൂപയായാണ് 12905 വാഴക്കന്നുകൾ, പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം.414/13.01.2023) വിതരണം ചെയ്തിട്ടുള്ളത്. യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം തുക നൽകാൻ ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/27.11.2023) യൂണിറ്റ് കോസ്റ്റ് തീരുമാനിച്ചുകൊണ്ടുള്ള തീരുമാനം വരുന്നതിനു മുൻപു തന്നെ സപ്ലൈ ഓർഡർ നൽകിയതിനാലാണ് (26.10.2022) ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നാണ് അറിയിച്ചത്. എന്നാൽ പദ്ധതിക്കായി നേന്ത്ര വാഴക്കന്ന് നൽകുന്നതും ട്രഷറി വഴി തുക കൈമാറുന്നതും 01/2023 ലാണ് . സപ്ലൈ ഓർഡർ മാറ്റി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല. നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിലധികം നൽകിയ തുക ₹ 64525 (12905*5) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 കുറ്റിക്കുരുമുളക് വിതരണം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 82/23 കുറ്റിക്കുരുമുളക് വിതരണം - വനിത

അടങ്കൽ :214620/-പ്ലാൻ ഫണ്ട് + 91540 /- ഗുണഭോക്തൃ വിഹിതം

ചെലവ് : 274620/-(22151752038001537751/28.03.2023)

91540/- (22200949/31.03.2023)

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കുരുമുളക് തൈകൾ 100% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശമുള്ളതാണ്. 2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനുട്സ് പ്രകാരം കുറ്റികുരുമുളകിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതായി കാണുന്നില്ല. 2021-22 വർഷത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ 2 മാസം പ്രായമായ കുറ്റികുരുമുളകിന് 100 രൂപയും 6 മാസം പ്രായമായതിന് 250 രൂപയും നിശ്ചയിച്ചതായികാണുന്നു. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ 1592 എണ്ണം കുറ്റിക്കുരുമുളക് , പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം.350/02.03.2023) (@ 230/no ) വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ബില്ലിൽ എത്ര മാസം പ്രയമായതാണെന്ന വ്യക്തമാക്കിയിട്ടില്ല.

കുറ്റിക്കുരുമുളകിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച കൊണ്ടുള്ള ഉത്തരവ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും വിതരണം ചെയ്ത കുറ്റിക്കുരുമുളകു തൈകളുടെ പ്രായം എത്രയാണെന്നതിൽ വ്യക്തതവരുത്തേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.11.2023) 2022-23 വർഷത്തേക്ക് കുറ്റി കുരുമുളകിന്റെ യൂണിറ്റ് കോസ്റ്റ് പുതുക്കിയിട്ടില്ലെന്നും വിതരണം ചെയ്ത കുറ്റിക്കുരുമുളകു തൈകൾക്ക് 6 മാസം പ്രയം വരുന്നുണ്ടെന്നും അറിയിച്ചു. എന്നാൽ ഇക്കാര്യം ഇൻവോയ്സിൽ വ്യക്തമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പർച്ചേസ് നടത്തുമ്പോൾ തൈകളുടെ പ്രായം സപ്ലൈ ഓർഡറിലും ഇൻവോയ്സിലും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അംഗൻവാടികൾക്ക് നെയിംബോർഡ് - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് : 87/23 അങ്കണവാടികൾക്ക് നെയിം ബോർഡ്

അടങ്കൽ തുക : 13593/- ( വികസനം- ജനറൽ) + 1407 ( കേന്ദ്ര വിഹിതം) +24000 (തനത് ഫണ്ട്)

ചെലവ് : 1407 ( കേന്ദ്ര വിഹിതം) +10553 (തനത് ഫണ്ട്) (22200613/02.01.2023(10553)+ (22200614/02.01.2023(1407)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം 5 അംഗൻവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 2990 രൂപ ക്വാട്ട് ചെയ്ത പിക് ആർട്ട് പ്രിന്റിംഗ് ആന്റ് അഡ്വർട്ടൈസിംഗ് എന്ന സ്ഥാപനത്തിനെ തെരെഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. (അംഗണവാടി നമ്പർ 10,13,14,15,20) എന്നാൽ ചെലവു രേഖകൾ പരിശോധിച്ചതിൽ 4 അംഗൻവാടികളിൽ നെയിം ബോർഡ്

സ്ഥാപിക്കുന്നതിനുള്ള ബിൽ ഹാജരാക്കി തുക നൽകിയതായി കണ്ടു. ഏതെല്ലാം അംഗൻവാടികളിലാണ് ആയത് സ്ഥാപിച്ചതെന്ന വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03/25.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹11960 തടസ്സം ചെയ്യുന്നു.

## 1-26 എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 111/23

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക – 7,00,000 രൂപ (പ്ളാൻ -ജനറൽ )

ബിൽ നം. 8/22-23/28.09.22 – 7,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 7,00000 രൂപ എസ് എസ് എ വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ സമഗ്ര ശിക്ഷാ കേരളം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.18/22-23/18.11.23)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 7,00,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതി - വിശദാശങ്ങൾ ലഭ്യമാക്കിയില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

**1)പ്രോജക്റ്റ് നം. 177/23**

വാർഡ് 9 കഴുങ്ങിൽപടി കോതറപടി റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 1,00,000രൂപ (ധനകാര്യകമ്മീഷൻ അവാർഡ്)

വൗച്ചർ നം. XVFC/2022-23/P/52/08.02.2023– 1,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,00,000 രൂപ വാർഡ് 9 കഴുങ്ങിൽപടി കോതറപടി റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരിന് നൽകിയിട്ടുണ്ട്.

**2)പ്രോജക്റ്റ് നം. 183/23**

വാർഡ് 9 കറുകത്താണി പുത്തൂർപള്ളി റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 1,00,000രൂപ (ധനകാര്യകമ്മീഷൻ അവാർഡ്)

വൗച്ചർ നം. XVFC/2022-23/P/53/08.02.2023– 1,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,00,000 രൂപ വാർഡ് 9 കറുകത്താണി പുത്തൂർപള്ളി റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരിന് നൽകിയിട്ടുണ്ട്.

**3)പ്രോജക്റ്റ് നം. 162/23**

മൂന്നാം വാർഡ് വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 1,99,892രൂപ (പ്ലാൻ ഫണ്ട് -ജനറൽ )

TRN -221517000000008880/14.02.23 - 1,99,892രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,99,892 രൂപ ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡ് വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ എടരീക്കോടിന് നൽകിയിട്ടുണ്ട്.

**4)പ്രോജക്ട് നം. 163/23**

15-ാം വാർഡ് വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 1,99,892രൂപ (തനത് ഫണ്ട് )

വൗച്ചർ നം.22200749/16.02.23 - 1,99,892രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,99,892 രൂപ ഗ്രാമപഞ്ചായത്തിൽ 15-ാം വാർഡ് വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ എടരീക്കോടിന് നൽകിയിട്ടുണ്ട്.

**5)പ്രോജക്ട് നം. 216/23**

കഴുങ്ങിൽപടി കോതാപടി കുറുകത്താണി പുത്തൂർപള്ളി റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 1,40,666രൂപ (തനത് ഫണ്ട് )

വൗച്ചർ നം.22200749/16.02.23 - 1,40,666രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,40,666 രൂപ ഗ്രാമപഞ്ചായത്തിൽ കഴുങ്ങിൽപടി കോതാപടി കുറുകത്താണി പുത്തൂർപള്ളി റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ കടുങ്ങാത്തുകുണ്ടിന് നൽകിയിട്ടുണ്ട്. (അധികമായി ഡെപ്പോസിറ്റ് ചെയ്യൽ)

പദ്ധതി മാർഗ്ഗരേഖ സ ഉ(കൈ) നം.84/2022/തസ്വഭവ തീ. 19.04.2022 നിർദ്ദേശിച്ചിൽ പ്രകാരം പദ്ധതികൾ സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1)പദ്ധതി നടത്തിപ്പിനായി കെ എസ് ഇ ബിയുമായി ഉടമ്പടിവെച്ചതിന്റെ വിവരം

2)പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്

3) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.19/22-23/28.11.23) മറുപടി ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കുന്നത് വരെ പദ്ധതികൾക്കായി ചെലവഴിച്ച 7,40,450രൂപ(1,00,000 + 1,00,000+ 1,99,892+1,99,892+1,40,666) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഹെഡ്മിസ്ട്രസ് ജി എൽ പി എസ് ക്ലാരി വെസ്ററ് നിർവഹണോദ്യോഗസ്ഥയായി 2022-23 വർഷത്തിൽ നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന്

അനുമതിയുള്ളവയല്ല. ഈ സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരമുള്ള വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല .

പ്രോജക്റ്റ് നം. 86/23

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര ,അടങ്കൽ-85000/-

വിനിയോഗിച്ച തുക – 85,000 രൂപ (പ്ലാൻ ഫണ്ട് -എസ് സി പി )

BRN – 22151752038701323807/09.03.23 - 85,000 രൂപ

| **വാങ്ങിയ സാധനങ്ങൾ**<br>**(Bill No KKD 435 /06.03.2023 ₹ 85,000 )** | **വില (GST ഉൾപ്പെടെ )** |
|---|---|
| Steel Cushion Armless Chair<br>( 17Nos @900) | 18,054(18% GST) |
| Study Table Made For Prelaminated Board With A Shutter Using As Writting Pad<br>Size – 80x33x 105 Cm<br>( 17Nos @3337.35) | 66,947 (18% GST) |
| **ആകെ** | **85,000** |

അപാകതക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/22-23/28.11.23) വ്യക്തമായ കാരണം ബോധിപ്പിക്കുകയുണ്ടായില്ല. ചെലവുതുക 85,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി വളം വാങ്ങി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.1 പ്രകാരം ജൈവ വളം/കുമ്മായം/ഡോളോമൈറ്റ് എന്നിവ കേരള കാർഷിക സർവ്വകലാശാല, റെയ്ഡ്കോ, കയർഫെഡ് എഫ് പി ഒ എന്നിവയിലെ വളങ്ങളോ , കാർഷിക കർമ്മസേനകൾ , കർഷക ഗ്രൂപ്പുകൾ , കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റുകൾ , സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന വളങ്ങളോ പർച്ചേസ് കമ്മറ്റിയുടെ തീരുമാനപ്രകാരം വാങ്ങി നൽകേണ്ടതാണ്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർക്ക് നേരിട്ട് വാങ്ങാവുന്നതും അയതിന്റെ ബിൽ സമർപ്പിക്കുന്ന മുറക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| സമഗ്ര നെൽകൃഷി വികസനം വിതരണം - വനിത- 78/23<br>548365/-പ്ലാൻ ഫണ്ട് +<br>400000/- - ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 212500/- ജില്ലാ പഞ്ചായത്ത് വിഹിതം + 42250 /- ഗുണഭോക്തൃ വിഹിതം | 1. Lime Shell @13.5/kg | 1. 42250/-<br>(Cheque No. 1369/01.02.2023)<br>2. 126500/-<br>(2215175203800824165/26.11.2022) | Edarikkode Service Co-operative Bank Invoice No 59/2022 /18.10.2022 (Lime Shell 12500kg)<br>ബില്ലിൽ അംഗീകൃത ഡീലർ എന്നാണ് കാണിച്ചിട്ടുള്ളത്. ഇവർ ഉൽപാദിപ്പിക്കുന്ന വളമാണോ വാങ്ങിനൽകിയതെന്ന് വ്യക്തമല്ല |

| | | | |
|---|---|---|---|
| പ്രോജക്ട് : 79/23 വെറ്റിലകൃഷി വികസനം<br>അടങ്കൽ :707660/-(വികസനം-ജനറൽ)<br>ചെലവ് : 707625/-(221517520380015728 48/31.03.2023) | ജൈവവളം | 707625/-(2215175203800157284 8/31.03.2023) | വെറ്റില കൃഷിക്കായി സ്വന്തം നിലയിൽ ജൈവവളം വാങ്ങിയതിന് കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ടെങ്കിലും ടിയാളുകൾ വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |

വാങ്ങലിലെ മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (15/28.11.2023, 16/28.11.2023) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി

1. ലൈം ഷെൽ വളം എന്ന വിഭാഗത്തിൽ പെടുന്നതല്ല , ആയത് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ /ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറുടെ 01.08.2022 ലെ സർക്കുലർ നം.ADFW/6776/2022-TF2 പ്രകാരം ഡിപ്പാർട്ട്മെന്റ് തലത്തിൽ അനുമതിയുള്ളതാണ്.

2. ജൈവവളം മഴക്കു മുൻപായാണ് കർഷകർക്ക് ആവശ്യമായി വരുന്നത് ആയത് വാങ്ങുന്ന സമയത്തിന് മുൻപ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ വാങ്ങി ബിൽ ഹാജരാക്കണമെന്ന് കർഷകർക്ക് നിർദ്ദേശം നൽകാൻ കഴിയാത്തതിനാലാണ് ഇത്തരത്തിൽ തുക അനുവദിച്ചത്.

മറുപടിയിൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം ലൈം വിതരണത്തിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല . ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ മാർഗ്ഗരേഖ ഉള്ളതിനാൽ ആയത് പാലിച്ച് ,തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം ചെയ്യേണ്ടതാണ്.

## 1-30 വെറ്റിലകർഷകർക്ക് ഏണി നൽകൽ- അപാതകൾ

പ്രോജക്ട് : 84/23 വെറ്റില കർഷകർക്ക് ഏണി

അടങ്കൽ :38650/-(വികസനം- ജനറൽ)

ചെലവ് : 38650/- (221517520380012569 21/25.02.2023- 35650/- + 2215175203800129819 0/06.03.2023 - 3000/-)

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.37 പ്രകാരം വെറ്റില കർഷകർക്ക് ഏണി വാങ്ങിയതിന് ജനറൽ വിഭാഗത്തിന് 50% സബ്സിഡി നിരക്കിൽ (പരമാവധി 1600/-) സബ്സിഡി നൽകാവുന്നതാണ്. സ്ഥിരമായി (3വർഷമായി ) വെറ്റിലകൃഷി ചെയ്യുന്നവർക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്.

മേൽ പ്രോജക്ട് പ്രകാരം 26 ഗുണഭോക്താക്കൾക്ക് ഏണി വാങ്ങിയതിന്റെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ 3 വർഷമായി വെറ്റിലകൃഷി നടത്തുന്നവരാണെന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

പരിശോധിച്ച വ്യക്തിഗത അപേക്ഷാ ഫോമുകളിൽ ചിലതിൽ വെറ്റില കൃഷിക്കു പകരം മറ്റു കൃഷികൾ ചെയ്യുന്നവർക്കും ആനുകൂല്യം നൽകിയതായി കണ്ടു.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.ശ്രീ സെയ്തലവി പരേടത്ത് (ഏതു കൃഷി ആണെന്ന അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല)

2.ശ്രീ മുഹമ്മദ് ഹനീഫ മണ്ണിങ്ങൽ (തെങ്ങ്, വാഴ, കുരുമുളക്, മാവ്, കവുങ്ങ് എന്നിവ കൃഷി ചെയ്യുന്നതായാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത് )

3. ശ്രീ റഷീദ് അലി കണിയത്ത് (ഏതു കൃഷി ആണെന്ന അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/28.11.2023) കർഷകർക്ക് അക്ഷരാഭ്യാസം ഇല്ലാത്തതിനാലാണ് അപേക്ഷയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതെന്നും തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതാണെന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നു. ഫീൽഡ് വെരിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 തുല്യത പരീക്ഷ -പഠിതാക്കളുടെ ഫീസ് നൽകൽ- അപാകതകൾ

പ്രൊജക്ട് : തുല്യത പഠന പദ്ധതി

നം : 160/2023

വിനിയോഗിച്ച തുക -25,962 രൂപ (പ്ലാൻ ഫണ്ട്- ജനറൽ )

BRN 2215175203870132380 9/09.03.23– 25,962 (പ്ലാൻ ഫണ്ട്- ജനറൽ )

നിർവ്വഹണം - ഹെഡ് മിസ്ട്രസ്

9 പഠിതാക്കളുടെ പത്താംതരം തുല്യത(9x1750= 15,750),8 പഠിതാക്കളുടെ +2 തുല്യത,21പഠിതാക്കളുടെ +1 തുല്യതാ (29x2200= 63,800)പരീക്ഷാ ഫീസായി ആകെ 79,550 രൂപ കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്കും ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനും നൽകിയിട്ടുണ്ട്. ആയതിൽ 53,588 രൂപ 2021-22 വർഷത്തിലും അവശേഷിച്ച 25,962 രൂപ തൻവർഷത്തെ പദ്ധതി പ്രകാരവുമാണ് നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പുതിയ പ്രോജക്റ്റായാണ് പദ്ധതി അംഗീകാരം നേടിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ സ .ഉ (കൈ)നം. 84/2022/ തസ്വഭവ തീ.19.04.2022 പ്രകാരം ഒരു വാർഷികപദ്ധതിയിൽ പുതിയതായി ഏറ്റെടുത്ത് നിർവ്വഹണം ആരംഭിക്കുന്ന പദ്ധതികളാണ് പുതിയ പദ്ധതികൾ. എന്നാൽ ആയതിന് വിരുദ്ധമായി കഴിഞ്ഞവർഷത്തെ ഭാഗികമായി നിർവ്വഹണം നടത്തിയ പദ്ധതി പൂർത്തീകരിക്കുന്നതിന് തുക വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

2)പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും യോഗ്യത നേടിയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.26 /22-23/29.11.23) ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുമാത്രം പദ്ധതികൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയോ യോഗ്യത നേടിയതിന്റെയോ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 25,962 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുളം നിർമ്മിച്ച് നൽകിയ ഗുണഭോക്താവിന് കുളം നിർമ്മിക്കുന്നതിന് സബസിഡി അനുവദിച്ചു

പ്രോജക്ട് - മുറ്റത്തൊരു മീന്തോട്ടം

പ്രോജക്ട് നമ്പർ- 99/23

അടങ്കൽ-140000

ചെലവ്- 42076

ബിൽ റഫറൻസ് നം. 2215175203950153110 8/28.3.2023, 42076 രൂപ

20 എം2 വിസ്തീർണ്ണമുള്ള കുളം നിർമ്മിച്ച് കുളത്തിൽ പടുത വിരിച്ച് അടി തട്ട് ഒരുക്കി ജലം നിറച്ച് സംരക്ഷിത വല സ്ഥാപിച്ച് മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ( യൂണിറ്റ് കോസ്റ്റ്- 20000 രൂപ, കുളം നിർമ്മിക്കുന്നതിന് 4000 രൂപയും മറ്റ് അനുബന്ധ ചെലവുകൾക്ക് 16000(രൂപയും) മൊത്തം ചെലവിന്റെ 40 ശതമാനം സബ്സിഡിയായി നൽകുന്നു. മേൽ പ്രോജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി 42076 രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം 7538 രൂപ ധന സഹായം കൈപറ്റിയ ശ്രീമതി. ഹസീന.എം.കെ,W/0 മുഹമ്മദ്, മാവുംകുന്നത്ത്, പെരുമണ്ണ, വാർഡ്-15, വീട്ട് നമ്പർ-62 A എന്ന ഗുണഭോക്താവിന് കുളം നിർമ്മിക്കുന്നതിന് 1600 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതേ ഗുണഭോക്താവിന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും 23581 രൂപ ചെലവഴിച്ച് കുളം നിർമ്മിച്ച് നൽകിയിട്ടുണ്ട്. കുളം നിർമ്മാണം 25.12.2022ന് പൂർത്തീകരിച്ചതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. (തൊഴിലുറപ്പ്പദ്ധതി-വർക്ക് ഐഡി- 1605011004/ഐ.എഫ്/863724)

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുളം നിർമ്മിച്ച് നൽകിയിട്ടുള്ളതിനാൽ കുളം നിർമ്മിക്കുന്നതിന് സബ്സിഡി അനുവദിച്ചത് ക്രമ പ്രകാരമല്ല . 1600 രൂപ ടി- ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-24/29.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-33 ബയോബിൻ വിതരണം - പദ്ധതി നിർവ്വഹണത്തിന്റെ അപാകതകൾ

പ്രോജക്ട് : 71/23 ബയോബിൻ വിതരണം

അടങ്കൽ : 1426500 ( ധനകാര്യകമ്മീഷൻ അവാർഡ്) + 1080 ( തനത് ഫണ്ട്) + 158620 ( ഗുണഭോക്തൃ വിഹിതം)

ചെലവ് : 1364270 ( ധനകാര്യകമ്മീഷൻ അവാർഡ്)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം MARIA Hygiene Solution, കാലിക്കറ്റ് എയർപോർട്ട്

നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ബയോബിൻ പർച്ചേസ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | എണ്ണം | തുക (GST 12% ഉൾപ്പെടെ) | തുക നൽകിയ വിവരം | |
|---|---|---|---|---|---|---|
| | | | | | വൗച്ചർ നമ്പർ/തിയ്യതി | തുക |
| 1 | 2 | 09.02.2023 | 400 | 839550 | XVFC/2022-23/ P/55/ 25.02.2023 | 839550 |
| 2 | 5 | 20.03.2023 | 250 | 524720 | XVFC/2022-23/ P/76/ 29.03.2023 | 524720 |
| | | | 650 | | | 1364270 |

പ്രോജക്റ്റ് പ്രകാരം 90% Subsidyയും 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ ഒരു യൂണിറ്റിന് 1874 രൂപ വില വരുന്ന ബയോബിന്നുകളാണ് വാങ്ങി നൽകിയിട്ടുള്ളത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃ വിഹിതം പിരിച്ചതിൽ അപാകത

1874 രൂപ യൂണിറ്റ് കോസ്റ്റ് ഉള്ള ബയോബിന്നിന് 10% ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ട തുക ₹187രൂപയാണ് . എന്നാൽ 524 ഗുണഭോക്താക്കളിൽ നിന്നും ₹187 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ചില ഗുണഭോക്താക്കളിൽ നിന്നും ₹200 , ₹220 രൂപ നിരക്കിലും ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി കാണുന്നു.

2. ഗുണഭോക്തൃ വിഹിതം അധികം അടവാക്കിയവർക്ക് തുക തിരിച്ചു നൽകിയില്ല

ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗുണഭോക്തൃ വിഹിതം അടവാക്കിയ 650പേരിൽ 49 പേർ 220 രൂപ വീതവും 77 പേർ 200 രൂപ വീതവും 524 പേർ 187 രൂപ വീതവും അടവാക്കിയിട്ടുണ്ട്. അധികമായി വാങ്ങിയ ഗുണഭോക്തൃ വിഹിതം നാളിതു വരെ ആയി തിരികെ നൽകിയിട്ടില്ല.

3. ഗുണഭോക്തൃ വിഹിതം അടവാക്കിയ മുഴുവൻ ഗുണഭോക്താക്കൾക്കും ബയോബിന്നുകൾ നൽകിയതിന്റെ രേഖകൾ ഇല്ല.

650 പേർ ഗുണഭോക്തൃ വിഹിതം അടവാക്കിയെങ്കിലും 645ബയോബിന്നുകൾ മാത്രമാണ് വിതരണം ചെയ്തതിട്ടുള്ളതായി കാണുന്നത്.

4. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിനു പകരം സി എഫ് സി ഫണ്ട് അടവാക്കി

പദ്ധതി പ്രകാരം പർച്ചേസ് ചെയ്ത 650 ബയോബിന്നുകളുടെ തുക നൽകിയത് പൂർണ്ണമായും ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നുമാണ്. (1364270) . ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കേണ്ട 10% തുക ഉപയോഗിച്ചില്ല. ടി തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

പദ്ധതിയുടെ നിർവ്വഹണം കഴിഞ്ഞ് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 31/29.11.2023) ഗുണഭോക്തൃവിഹിതമിനത്തിൽ അധികം വാങ്ങിയ തുകകൾ 31.12.2023 നകം ക്രമീകരിക്കുന്നതാണെന്നും , ബയോബിന്നുകൾ നൽകുന്ന പദ്ധതി തുടർന്നു വരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിനു ശേഷം മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും , ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം ഈ സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കുന്നതാണെന്നും അറിയിച്ചു. മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള തുടർ നടപടികൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ – മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുന്നില്ല

മരണപ്പെട്ടവരെയും അനർഹരായവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ (എസ് എഫ്സി-ബി) വകുപ്പിന്റെ 63/2021/ധന. തീയതി.02.08.2021ലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സ്വീകരിക്കേണ്ട താഴെ പറയുന്ന തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ

നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.29/22-23/29.11.23) നൽകിയെങ്കിലും വിവരം ലഭ്യമാക്കിയില്ല.

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ പെൻഷൻ വിതരണത്തിന് ശേഷം ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണം ചെയ്യുന്ന പെരുമണ്ണക്ലാരി സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്, എന്ന സഹകരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇത്തരത്തിലുള്ള ഒരു രേഖയും ലഭ്യമാക്കിയില്ല.

3) എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ഇൻഫർമേഷൻ കേരള മിഷൻ 'സേവന'യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള വിവരം ധനകാര്യ വകുപ്പിന് നാളിതുവരെ നൽകിയിട്ടില്ല.

4) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന പെൻഷൻ അപേക്ഷകളോടൊപ്പം ഇത്തരത്തിൽ സത്യപ്രസ്താവന ഉൾപ്പെടുത്തിയതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ വിതരണം സംബന്ധിച്ചുള്ള മേൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-35 ലാപ്ടോപ്പ് വിതരണം പൂർത്തീകരിച്ചില്ല

2022-23 വർഷത്തിൽ ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| 1. പ്രോജക്ട് : 68/23 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>അടങ്കൽ :119247/-(വികസനം- എസ് സി പി)<br>ചെലവ് : 119247/-(22151752037700808120/23.11.22)<br>Invoice No. RJE01538/22-23/19.10.2022 (RJ Enterprises)<br>3 Laptop വാങ്ങി | 2. പ്രോജക്ട് : 203/23 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>അടങ്കൽ :143000/-(വികസനം- എസ് സി പി)<br>ചെലവ് : 109927/-(22151752037701315496/08.03.202)<br>Invoice No. 2-23/SS/725 /03.03.2023 (Servite Systems)<br>3 Laptop വാങ്ങി |

മേൽ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ 6 ലാപ്ടോപ്പുകളിൽ 5 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരു ലാപ്ടോപ്പ് നാളിതുവരെ വിതരണം ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 32/29.11.2023) ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ അർഹതയില്ലാത്ത ഗുണഭോക്താവായതിനാലാണ് ലാപ്ടോപ്പ് വിതരണം ചെയ്യാതിരുന്നതെന്നും ബാലൻസ് ഉള്ള ലാപ്ടോപ്പ് ഈ സാമ്പത്തികവർഷത്തെ ഗുണഭോക്തൃലിസ്റ്റ് ആവുന്ന മുറക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു. ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിനു മുൻപ് ഗുണഭോക്തൃ ലിസ്റ്റിലുള്ളവരുടെ അർഹതാമാനദണ്ഡം പരിശോധിച്ചിരുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. ആയതിനാൽ തന്നെ സൗജന്യ വാറണ്ടി സർവ്വീസ് ഉൾപ്പെടെയുള്ള ആനുകൂല്യം നഷ്ടപ്പെടാനിടയായതായി ഓഡിറ്റ് വിലയിരുത്തുന്നു.
മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ലാപ്ടോപ്പ് വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയതു വരെ ലാപ്ടോപ്പിന്റെ വില 39749/- രൂപ(119247/3) തടസ്സം ചെയ്യുന്നു.

## 1-36 മുൻകൂറുകൾ ക്രമീകരിച്ചില്ല.

വൗച്ചർ നം. 22200541/28.11.22 പ്രകാരം 20,000 രൂപ കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.മുസ്തഫ കളത്തിങ്ങലിന് നൽകിയിട്ടുണ്ട്.
കൂടാതെ,വാർഷിക ധനകാര്യ പത്രിക പ്രകാരം 460500306 Advance To Ohers Authorised Agencies എന്ന

ശീർഷകത്തിൽ 4000 രൂപയും. Advance To Implementing Officers എന്ന ശീർഷകത്തിൽ 22,840 രൂപയും. ക്രമീകരിക്കുവാൻ ബാക്കിയുണ്ട്. ആയതു സംബന്ധിച്ച വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല. ഐ എൽ ജി എം എസിലും വിവരം ലഭ്യമല്ല. ശരിയായ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്.

കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.മുസ്തഫ കളത്തിങ്ങലിന് നൽകിയ തുക 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം /ചെലവുരേഖകൾ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ മറ്റു അഡ്വാൻസുകൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം നടത്തി,ചട്ടപ്രകാരം മുൻകൂർ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കും ( നം. 21/22-23/28.11.23 & 37/22-23/30.11.23) മറുപടി ലഭ്യമാക്കിയില്ല.

## 1-37 മാലിന്യ നിർമ്മാർജ്ജനം - ക്ലീൻ കേരളക്ക് GST ഉൾപ്പെടെയുള്ള തുക നൽകി

പ്രോജക്ട് : 200/23 എം സി എഫിലെ റിജക്ടഡ് വേസ്റ്റ്നീക്കം ചെയ്യൽ

അടങ്കൽ :100000/-(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 24426/- (XVFC/2022-23/P/78/30.03.2023)

മേൽ പ്രോജക്ട് പ്രകാരം അജൈവ മാലിന്യം നീക്കം ചെയ്യതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകിയിട്ടുണ്ട്. 02.01.2023 ന് 2070 കി.ഗ്രാം റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യതിനാണ് തുക നൽകിയിട്ടുള്ളത്. ക്ലീൻ കേരള കമ്പനിയുടെ ഇൻവോയ്സ് നമ്പർ D23/SER 22-23/1039 Dated 13.03.2023 പ്രകാരം കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മേൽ ബില്ലിൽ 18% ജിഎസ് ടി തുക (3726/-) യും ഉൾപ്പെടുത്തി 24426 രൂപയാണ് ക്ലെയിം ചെയ്യിട്ടുള്ളത്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC – MPLM/643/2022-M4നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി എസ് ടിയിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരം ജി എസ് ടി ഉൾപ്പെടെയുള്ള തുക ക്ലെയിംചെയ്യുകയും ആയത് അനുവദിക്കുകയും ചെയ്യിട്ടുള്ളതാണ്. ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 33/29.11.2023) തുടർന്നു വരുന്ന ബില്ലുകളിൽ തുക നൽകാനുള്ളതിനാൽ അധികം നൽകിയ തുക ക്രമീകരിക്കുന്നതാണെന്ന മറുപടി നൽകി. തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 ഭവന പുനരുദ്ധാരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് : 130/ ഭവനപുനരുദ്ധാരണം ജനറൽ

അടങ്കൽ :400000/-(വികസനം- ജനറൽ)

ചെലവ് : 100000/- (22151752037701135859/03.02.2023 - 25000)

(22151752037701315495/07.03.2023 - 25000)

(22151752037701242926/24.02.2023 – 12500)

(22151752037701076700/23.01.2023 - 12500)

(22151752037701531480/28.03.2023 - 25000)

(22151752037701531480/28.03.2023 - 25000)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി സബ്സിഡി നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.2022 സബ്സിഡി 6.7(4) പ്രകാരം ഭവന പുനരുദ്ധാരണം പദ്ധതിക്കായി കരാറിലേർപ്പെടുന്ന ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/29.11.2023) മേൽ ഉത്തരവ് ശ്രദ്ധയിൽപെടാത്തതുകൊണ്ടാണ് അപാകത സംഭവിച്ചതെന്ന മറുപടിയാണ് നൽകിയത്. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ജലനിധി ബൾക്ക് വാട്ടർ സപ്ലൈ- ഗ്രാമപഞ്ചായത്തിന് ബാധ്യത

2022-23 വർഷത്തിൽ താഴെ പറയും പ്രകാരം സെക്രട്ടറി തനത് ഫണ്ടിൽ നിന്നും പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിലെ നിലപ്പറമ്പ് ,പെരുണ്ണ നോർത്ത് & സൗത്ത് എന്നീ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ കണക്ഷനുകളിൽ നിന്നുള്ള വാട്ടർ ചാർജ് ഇനത്തിൽ അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ജല അതോറിറ്റി പി എച്ച് സബ്ഡിവിഷൻ തിരൂർ ന് തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|
| 22200010/09.05.22 | 4,13,431 | 3/22 ലെ വാട്ടർ ചാർജ് |
| 22200127/16.06.22 | 3,78,945 | 2/22 ലെ വാട്ടർ ചാർജ് |
| 22200118/07.06.22 | 4,10,024 | 4/22 ലെ വാട്ടർ ചാർജ് |
| 22200202/05.07.22 | 2,73,483 | 5/22 ലെ വാട്ടർ ചാർജ് |
| 22200293/12.08.22 | 2,82,899 | 6/22 ലെ വാട്ടർ ചാർജ് |
| 22200363/05.09.22 | 2,08,917 | 7/22 ലെ വാട്ടർ ചാർജ് |
| 22200424/14.10.22 | 2,38,976 | 8/22 ലെ വാട്ടർ ചാർജ് |
| 22200478/06.11.22 | 2,45,244 | 9/22 ലെ വാട്ടർ ചാർജ് |
| 22200540/25.11.22 | 3,33,794 | 10/22 ലെ വാട്ടർ ചാർജ് |
| 22200610/30.12.22 | 2,79,814 | 11/22 ലെ വാട്ടർ ചാർജ് |
| 22200810/07.03.23 | 3,48,765 | 12/22 ലെ വാട്ടർ ചാർജ് |
| 22200779/26.02.23 | 3,72,779 | 1/23 ലെ വാട്ടർ ചാർജ് |
| 22200577/12.12.22 | 2,11,724 | 2022 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക അടവാക്കിയത് |
| 22200933/31.03.23 | 4,56,617 | വാട്ടർ ബിൽ ലഭ്യമല്ല.എപ്രകാരം അടവാക്കിയതെന്ന് വ്യക്തമല്ല. |
| 22200934/31.03.23 | 1,88,633 | KWA യുടെ ആംനസ്റ്റി പദ്ധതി പ്രകാരം 30.09.22 വരെയുള്ള കുടിശ്ശിക അടവാക്കിയത് |
| 22200928/31.03.23 | 5,00,000 | 4/20 മുതൽ 9/22 വരെയുള്ള കുടിശ്ശിക അടവാക്കിയത് |
| **ആകെ** | **51,44,045** | |

വിശദാംശങ്ങൾ പരിശോധിച്ചതിൽ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ കരാർ (നം.PKLRI/KWA/NO.01/2019-20 തീ. 15.02.2020)പ്രകാരം ലോകബാങ്ക് എയ്ഡഡ് ജലനിധി പദ്ധതി ഫേസ് II ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും Rehabilitation Of Multi GP KWA Scheme CWSS പ്രകാരം കേരള വാട്ടർ അതോറിറ്റി ജലം നൽകുകയും ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യും. പദ്ധതി നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. സർക്കാർ തീരുമാനം വരെ പദ്ധതി നിലനിൽക്കുകയും ചെയ്യും . ഒരോ മാസവും 10-ാം തീയ്യതിക്ക് മുൻപായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കണം അടവാക്കാൻ വൈകുന്നപക്ഷം 2% പിഴ ചുമത്തുന്നതാണ്. 6/KL നിരക്കിലാണ് വെള്ളം വിതരണം നടത്തുന്നത് .മൊത്തം ഉപയോഗം 30% ൽ കവിയുന്നപക്ഷം 15/KL നിരക്കാണ് ചുമത്തുക എന്ന് ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിരക്ക് തൻവർഷം വരെ പുതുക്കിയിട്ടില്ല.ജലവിതരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ കൺസ്യൂമർ നമ്പർ, കെട്ടിടനമ്പർ , മീറ്റർ നമ്പർ, മീറ്റർ റീഡിംഗ് വിവരം എന്നിവ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട് . തുടർച്ചയായി രണ്ടുമാസത്തിലധികം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കുവാൻ തദ്ദേശ ഭരണവകുപ്പിനെ സമീപിക്കുന്നതാണ്.

പദ്ധതിയുടെ നടത്തിപ്പിനായി ഗുണഭോക്താക്കളുടെ 'സ്കീം ലെവൽ കമ്മറ്റി' രൂപീകരിച്ചിട്ടുണ്ട്. എസ് എൽ സി കൺവീനറും ഗ്രാമപഞ്ചായത്തും തമ്മിൽ 27.03.2020 ന് ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം (നം.10/2019-20) പ്രകാരം ഗുണഭോക്താക്കളിൽ നിന്നും മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടത് എസ് എൽ സിയുടെ ഉത്തരവാദിത്വമാണ്. ജലവിതരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ കൺസ്യൂമർ നമ്പർ, കെട്ടിടനമ്പർ , മീറ്റർ നമ്പർ, മീറ്റർ റീഡിംഗ് വിവരം എന്നിവ സൂക്ഷിക്കുന്നത് സ്കീം ലെവൽ കമ്മറ്റിയാണ്. കമ്മറ്റിയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനോടാണ്.

ഇതിനു പുറമെ, ടാങ്ക് നിലകൊള്ളുന്ന റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സ് ക്ലാരിയും സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച 08.01.2016 ലെ കരാർ പ്രകാരം ടാങ്ക് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സ് ൽ നിലനിർത്തികൊണ്ട് ക്യാമ്പിലേക്ക് ആവശ്യമായ വെള്ളം ഉപയോഗിക്കാൻ അനുവദിക്കുന്നതും ആയതിന്റെ തുക ഗ്രാമപഞ്ചായത്ത് വഹിക്കുന്നതുമാണ്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ് . എസ് എൽ സി യും ഗ്രാമപഞ്ചായത്തും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും തുക പരിച്ച് ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെയുള്ള ഒരു വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യല്ല. എസ് എൽ സികൾ ഗ്രാമപഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ മുഴുവൻ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതി എന്ന് ആരംഭിച്ചുവെന്ന് വ്യക്തമല്ല.പദ്ധതി ആരംഭിച്ചതു മുതൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കിയ തുകയുടെ മുഴുവൻ വിവരങ്ങളും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.വാട്ടർ അതോറിറ്റി നിലപ്പറമ്പ് ,പെരുണ്ണ നോർത്ത് & സൗത്ത് എന്നീ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ കണക്ഷനുകളിൽ നിന്നുള്ള പ്രതിമാസ ബില്ലിൽ നിന്നും യഥാർത്ഥ തുക മാത്രമാണ് പ്രതിമാസം അടവാക്കുന്നത്. ഇതോടൊപ്പം ഓരോ ബില്ലിലും നാളിതുവരെയുള്ള കുടിശ്ശിക, ഫൈൻ എന്നിവയും രേഖപ്പെടുത്തിയാണ് നൽകുന്നത് എന്നാൽ ആയത് അടവാക്കുന്നില്ല.തനത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നാളിതുവരെ അടവാക്കിയ മുഴുവൻ തുകയുടെ വിവരവും കുടിശ്ശിക, ഫൈൻ ഇനത്തിൽ തുക അടവാക്കിയതിന്റെ വിവരവും (ബില്ലുകൾ സഹിതം) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ അടവാക്കുന്ന കുടിശ്ശികയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയെങ്കിൽ ആയതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

3)പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം ,നാളിതുവരെ ഓരോരുത്തർക്കും ലഭിച്ച ബില്ലിന്റെ വിവരം അടവാക്കിയ തുകയുടെ വിവരം കുടിശ്ശിക തുകയുടെ വിവരം എന്നിവ (ആയവ എസ് എൽ സികളുടെ ഉത്തരവാദിത്വമാണ്)നാളിതുവരെയും പരിശോധന നടത്തിയതായി വിവരമില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും ലഭ്യമല്ല.കൃത്യമായി വിവരങ്ങൾ പരിശോധിച്ച് കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)എല്ലാ രേഖകളും സെക്രട്ടറി നിയോഗിക്കുന്ന ഓഡിറ്റർ അല്ലെങ്കിൽ ഓഫീസേഴ്സ് ഓഡിറ്റ് ചെയ്യുന്നതാണെന്നും ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഓഡിറ്റ് നടത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.28/22-23/29.11.23 ) മറുപടി ലഭ്യമാക്കിയില്ല.എല്ലാ രേഖകളും സെക്രട്ടറി നിയോഗിക്കുന്ന ഓഡിറ്റർ അല്ലെങ്കിൽ ഓഫീസേഴ്സ് ഓഡിറ്റ് നടത്തി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ലഭിക്കുന്ന ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ പണം വരവ് വരുന്നുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല.

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

ഓരോ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടുമില്ല.

3. അസി. എഞ്ചിനീയറുടെ പേരിൽ ചെട്ട്യാംകിണർ എസ്.ബി.ഐ.ലുള്ള 40842816705 നമ്പരിലുള്ള അക്കൗണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വിധം പണം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ എൻട്രി വന്നിട്ടില്ല.

| ക്രമ നമ്പർ | പണമിടപാട് വിവരം /ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | Transfer To 67176218908/7.4.2022 | 653760 |
| 2 | Transfer To 30044468282/7.4.2022 | 21158 |
| 3 | Transfer To 67383034729/7.4.2022 | 236552 |
| 4 | 495902/21.5.2022 | 10288 |
| 5 | 495901/21.5.2022 | 6825 |
| 6 | 495904/21.5.2022 | 893 |
| 7 | 495903/21.5.2022 | 5144 |
| 8 | 495905/21.5.2022 | 857 |
| 9 | 495907/04.7.2022 | 8082 |
| 10 | 495906/04.7.2022 | 168183 |
| 11 | 495908/04.7.2022 | 1513 |
| 12 | 495910/21.6. 2023 | 10604 |
| 13 | 495911/1.7.2023 | 152983 |
| 14 | 495912/14.7.2023 | 1529 |
| 15 | 495914/14.11.2023 | 720 |
| 16 | 495915/14.11.2023 | 360 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 11/ 27.11.2023 നുള്ള മറുപടിയിൽ അപാകത പരിഹരിച്ച് ക്യാഷ് ബുക്ക് പരിപാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-41 പി.എച്ച്.സി. പുതിയ കെട്ടിട നിർമ്മാണം-സൈറ്റ് ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ - ആദായ നികുതി ഈടാക്കിയില്ല.

പി.എച്ച്.സി. ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി സൈറ്റ് ഇൻവെസ്റ്റിഗേഷൻ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ ചെയ്യുന്നതിന് തനത് ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും ഗവ. എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോടിന് പ്രഫോർമ ഇൻവോയ്സ് പ്രകാരം 148261 രൂപ ( ജി.എസ്.ടി. 18 % ഉൾപ്പെടെ) മുൻകൂർ നൽകുകയും ചെയ്തിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്- പി.എച്ച്.സി. പുതിയ കെട്ടിടത്തിന് സൈറ്റ് ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ

പ്രോജക്ട് നമ്പർ- 136/23

അടങ്കൽ-150000

ഫണ്ട്- തനത് ഫണ്ട്

ചെലവ് തുക- 148261

വൗച്ചർ നം- 22200352/5.9.2022

എന്നാൽ സ്ഥാപനത്തിന് തുക കൈമാറിയപ്പോൾ ആദായ നികുതി നിയമം, വകുപ്പ്- 194 -ജെ പ്രകാരം പ്രൊഫഷണൽ സർവീസിൻമേൽ കുറവ് ചെയ്യേണ്ടതായ 10 % ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ജി.എസ്.ടി. ഒഴികെയുള്ള തുകയുടെ (സ്ഥാപനത്തിന്റെ 3249/14.9.2022 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ-തുക 148261 രൂപ , (125645 രൂപ+ GST-22616)) 10 ശതമാനം കുറവ് ചെയ്തായിരുന്നു സ്ഥാപനത്തിന് തുക നൽകേണ്ടിയിരുന്നത്.

ആദായ നികുതി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-42 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതു മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത്

പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ പ്രസ്തുത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | കഞ്ഞിക്കുഴിങ്ങര ജി.എൽ.പി.എസ്. നവീകരണം (39/23)<br>ഫണ്ട്. MG(NR)<br>അടങ്കൽ-348000<br>ടി.എസ്. 348000<br>TS.NO. 89679/20-21<br>കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (9.75 % Below)<br>പി.എ.സി-310689<br>എഗ്രിമെന്റ് നം.21/AE /LSGD/PMKY/21-22 /30.10.2021<br>ബിൽ നം. 2/28.12.2022<br>സൈറ്റ്ഏറ്റെടുത്തത് -2.11.2021<br>എം.ബുക്ക് നമ്പർ- 33/23, 36/23<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 296373 (നികുതിയുൾപ്പെടെ) | 1.5.2022 | 23.11.22 | 10874<br>[Ie, 1.5.2022 To 31.7.2022 (1%PAC)= 3107<br>1.8.2022 To 31.10.2022<br>(2% PAC)= 6214<br>1.11.2022 To 23.11.2022<br>(2% PAC)*23/92= 1553 |
| 2 | പി.എച്ച്.സി. കോൺഫ്രൻസ് ഹാൾ നവീകരണം(38/23)<br>ഫണ്ട്. MG(NR)<br>അടങ്കൽ-450000<br>ടി.എസ്. 450000<br>TS.NO. | 18.2.2022<br>(കോവിഡ് പശ്ചാത്തലത്തിൽ സ.ഉ.(സാധാ)നം.1444/2021 /ത.സ്വ.ഭ.വ,തി-31.7.2021 പ്രകാരം പൂർത്തീകരണ കാലാവധി6 മാസത്തേക്ക് നീട്ടി നൽകിയത് | 15.12.2022 | 22525<br>[Ie, 18.2.2022 To 17.5.2022 (1%PAC)= 4016<br>18.5.2022 To 17.8.2022<br>(2% PAC)= 8032<br>18.8.2022 To |

| | | | | | | |
|---|---|---|---|---|---|---|
| | | 84669/20-21 കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (3.62 % Below) പി.എ.സി-401633 എഗ്രിമെന്റ് നം.35/AE /LSGD/PMKY/20-21 /19.2.21 ബിൽ നം. 17/28.3.2023 സൈറ്റ് ഏറ്റെടുത്തത് -19.2.2021 എം.ബുക്ക് നമ്പർ-32/23 Duration- 6 Months (As Per TS Slip) ചെലവ് തുക-296373 (നികുതിയുൾപ്പെടെ) | പരിഗണിച്ചാൽ ) | | 17.11.2022 (2% PAC)= 8032 18.11.2022 – 15.12.2022 (2% PAC)*28/92= 2445 | |
| | 3 | ക്ലാരി വെസ്റ്റ് ജി.എൽ.പി.എസ്. നവീകരണം (43/23) ഫണ്ട്. MG(NR) അടങ്കൽ-345700 ടി.എസ്. 345700 TS.NO. 58256/21-22 കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (.001 % Below) പി.എ.സി-288606 എഗ്രിമെന്റ് നം.35/AE /LSGD/PMKY/21-22 /28.12.2021 ബിൽ നം. 24/31.3.2023 സൈറ്റ് ഏറ്റെടുത്തത് -28.12.2021 എം.ബുക്ക് നമ്പർ-26/23 | 27.05.2022 | 2.3.2023 | 14689 [Ie, 27.5.2022 To 26.8.2022 (1%PAC)= 2886 27.8.2022 To 26.11.2022 (2% PAC)= 5772 27.11.2022 To 26.2.2023 (2% PAC)= 5772 27.2.2023-2.3.2023 (2% PAC)*4/89= 259 | |

| | | | | | |
|---|---|---|---|---|---|
| | Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 252276 (നികുതിയുൾപ്പെടെ) | | | | |
| | ആകെ | | | 48088 | |

കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മേൽ പ്രവൃത്തികളിൽ ഫൈൻ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 23/28.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-43 ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം 18-7-22ന് ശേഷം നിലവിലുള്ള GST നിരക്ക് 12% എന്നത് 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കരാർ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ലാത്ത ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ബിൽ തുക നൽകാനായത് 18.7.22 ന് ശേഷമായതിനാൽ ജി.എസ്.ടി. 12 ശതമാനത്തിന് പകരം 18 ശതമാനം കൂട്ടി നൽകേണ്ടി വന്നു. ഇക്കാരണത്താൽ ജി.എസ്.ടി. യിനത്തിൽ 6 ശതമാനം അധികച്ചെലവ് വരാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ജി.എസ്.ടി. ഇനത്തിൽ അധികച്ചെലവ് വന്ന തുക (6 ശതമാനം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | കഞ്ഞിക്കുഴിങ്ങര ജി.എൽ.പി.എസ്. നവീകരണം (39/23)<br>അടങ്കൽ-348000<br>ടി.എസ്. 348000<br>TS.NO. 89679/20-21<br>കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (9.75 % Below)<br>പി.എ.സി-310689<br>എഗ്രിമെന്റ് നം.21/AE /LSGD/PMKY/21-22 /30.10.2021<br>ബിൽ നം. 2/28.12.2022<br>സൈറ്റ് ഏറ്റെടുത്തത് -2.11.2021<br>എം.ബുക്ക് നമ്പർ-33/23, 36/23<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 296373 (നികുതിയുൾപ്പെടെ) | 1.5.2022 | 23.11.22 | 15070 (മൂല്യനിർണ്ണയ തുകയുടെ അഥവാ- 251163 രൂപയുടെ 6% ) | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. |
| 2 | പി.എച്ച്.സി. കോൺഫ്രൻസ് ഹാൾ നവീകരണം(38/23) | 18.2.2022 (കോവിഡ് | 15.12.2022 | 19439 (മൂല്യനിർണ്ണയ | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ-450000<br>ടി.എസ്. 450000<br>TS.NO. 84669/20-21<br>കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (3.62 % Below)<br>പി.എ.സി-401633<br>എഗ്രിമെന്റ് നം.35/AE /LSGD/PMKY/20-21/19.2.21<br>ബിൽ നം. 17/28.3.2023<br>സൈറ്റ് ഏറ്റെടുത്തത് -19.2.2021<br>എം.ബുക്ക് നമ്പർ-32/23<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 296373 (നികുതിയുൾപ്പെടെ) | പശ്ചാത്തലത്തിൽ സ.ഉ.(സാധാ)നം.1444/2021 /ത.സ്വ.ഭ.വ,തി-31.7.2021 പ്രകാരം പൂർത്തീകരണ കാലാവധി6 മാസത്തേക്ക് നീട്ടി നൽകിയത് പരിഗണിച്ചാൽ ) | | തുകയുടെ അഥവാ- 323977 രൂപയുടെ 6% ) | നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. |
| 3 | ക്ലാരി വെസ്റ്റ് ജി.എൽ.പി.എസ്. നവീകരണം (43/23)<br>അടങ്കൽ-345700<br>ടി.എസ്. 345700<br>TS.NO. 58256/21-22<br>കരാറുകാരൻ. ശ്രീ. അജയകുമാർ.കെ (.001 % Below)<br>പി.എ.സി-288606<br>എഗ്രിമെന്റ് നം.35/AE /LSGD/PMKY/21-22 /28.12.2021<br>ബിൽ നം. 24/31.3.2023<br>സൈറ്റ് ഏറ്റെടുത്തത് -28.12.2021<br>എം.ബുക്ക് നമ്പർ-26/23<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 252276 (നികുതിയുൾപ്പെടെ) | 27.05.2022 | 2.3.2023 | 12828 (മൂല്യനിർണ്ണയ തുകയുടെ അഥവാ- 213793 രൂപയുടെ 6% ) | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. |
| 4 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് (42/23)<br>അടങ്കൽ-200000<br>ടി.എസ്. 200000<br>TS.NO. 77978/20-21 | 15.1.2022 | 20.9.2022 | 9288 (മൂല്യനിർണ്ണയ തുകയുടെ അഥവാ- 154807 രൂപയുടെ 6% ) | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ. ശ്രീ.<br>പ്രദീപ് കുമാർ (എസ്റ്റിമേറ്റ് നിരക്കിൽ)<br>എഗ്രിമെന്റ് നം.3/AE /LSGD/PMKY/21-22 /16.7.2021<br>വൗച്ചർ നം. 22200545/30.11.2022,180000 രൂപ<br>22200546/30.11.2022,<br>2673 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -16.7.2021<br>എം.ബുക്ക് നമ്പർ-22/23<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 182673 (നികുതിയുൾപ്പെടെ) | | | | |
| | **ആകെ അധികം** | | | **56625** | |

മേൽ പ്രവൃത്തികളിൽ 18 ശതമാനം ജി.എസ്.ടി. കൂട്ടി നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. അധികച്ചെലവ് വരാനിടയായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-24/28.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 ലൈഫ് മിഷൻ വായ്പ എടുക്കാത്ത ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് ബജറ്റ് വിഹിതത്തിൽ നിന്നും തിരിച്ചടവിനുള്ള വിഹിതം സർക്കാർ കുറവ് ചെയ്തു

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട് ബഡ്ജറ്റ് വിഹിതത്തിൽ ചുവടെ ചേർത്തിട്ടുള്ള വിധം 237145 രൂപ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന ഹെഡിൽ സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലൈഫ് മിഷന് വേണ്ടി വായ്പ എടുത്തിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ബാധ്യതയില്ല. അത് കൊണ്ട് തന്നെ ഗ്രാന്റിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഉത്തരവ് നമ്പർ/ തിയതി | ഗ്രാന്റിനം | കുറവ് ചെയ്ത തുക | റിമാർക്ക്സ് |
|---|---|---|---|
| സ.ഉ.(സാധാ) നം.1049/2023/fin, 13.2.2023 | Plan (Scp) | 118572 | വികസന ഫണ്ടിന്റെ മൂന്നാം ഗഡു |
| സ.ഉ.(സാധാ) നം.6872/2022/fin, 12.10.2022 | Plan (Scp) | 118573 | വികസന ഫണ്ടിന്റെ രണ്ടാം ഗഡു |
| ആകെ | | 237145 | |

മേൽ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നമ്പർ- 36/30.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഗ്രാമ പഞ്ചായത്തിന് ഗ്രാന്റിനത്തിൽ ലഭിക്കേണ്ടതായ മേൽ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-45 പദ്ധതി മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കലും ആയതിന്റെ ചർച്ചകളും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും പദ്ധതികളുടെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്റർ ചെയ്തിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമ നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-46 വിവിധ തനത്ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി തനത്ഫണ്ടിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരാമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം. / തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|
| 22200498/ 11.11.22 | 72,871 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോടിന് വിവിധ ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ വാങ്ങിയതിന് നൽകിയ തുക<br>- സ്റ്റോക്ക് ,ഇഷ്യൂ വിവരം |
| 22200060/ 03.06.22 | 11,100 | പി എച്ച് സി കെട്ടിടവാടക നൽകിയത് (3/22 ലെ വാടക<br>- വാടക നൽകിയതിന്റെ വിവരം ,കെട്ടിടമുടമയുടെ വിവരം, വാടക നിശ്ചയിച്ചതിന്റെ വിവരം എന്നിവ |
| 22200090/ 09.06.22 | 850 | ആയിശമ്മു ചാത്തേരി കുറുക പി ഒ ക്ക് വെറ്ററിനറി സബ് സെന്ററിന്റെ വാടക ഇനത്തിൽ നൽകിയ തുക<br>- വാടക നൽകിയതിന്റെ വിവരം ,വാടക നിശ്ചയിച്ചതിന്റെ വിവരം എന്നിവ |
| 22200175/ 04.07.22 | 49,395 | ശ്രീമതി ബീന എൻ പി ജൂനിയർ സൂപ്രണ്ടിന് പേ റിവിഷൻ കുടിശ്ശിക ഇനത്തിൽ (2021 മാർച്ച് ,ഏപ്രിൽ ,മെയ് മാസങ്ങളിലെ )നൽകിയ തുക<br>- ശമ്പള വർദ്ധനവിനാനുപാതികമായി 15% പെൻഷൻ കോൺട്രീബ്യൂഷൻ അടവാക്കിയതിന്റെ വിവരം(ജി ഒ(പി )നം. 27/2021/Fin തീ.10.02.21പ്രകാരം) |
| 22200383/ 17.09.22 | 1,51,900 | ശമ്പള വാർഡ്തല ശുചിത്വ സമിതികൾക്ക് മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്ക് നൽകിയ തുക<br>- തുക ചെലവഴിച്ചതിന്റെ വിവരം |
| ആകെ | 2,86,116 | |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22-23/29.11.23)മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവുതുക 2,86,116 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-47 ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങൽ -അപാകതകൾ

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ട് പ്രകാരം വാങ്ങിയ Revolving Chair ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. ഇത് വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരമുള്ള വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല എന്നും വ്യക്തമായി.

പ്രോജക്റ്റ് നം. 145/23

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ

വിനിയോഗിച്ച തുക – 3,90,000 രൂപ (പ്ലാൻ ഫണ്ട് -ജനറൽ )

ബിൽനം. 30/22-23/ 23.03.23 - 3,90,000 രൂപ

| **വാങ്ങിയ ഇനം**<br>**(Bill No KKD 498 /14.03.2023 ₹ 4,82,199 )** | **വില (GST ഉൾപ്പെടെ )** |
|---|---|
| Mbke -Medium Back Revolving Chair Cushioned With Pushback<br>(15 Nos. @ 4800 | 84960 (18% GST) |

ഇതു കൂടാതെ, മറ്റു മൂന്നിനം മേൽ പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ കൂടി വാങ്ങിയിട്ടുണ്ട്.പ്രൊജക്ട് നിർവഹണ ഫയൽ പരിശോധിച്ചതിൽ നിർവഹണ ഏജൻസികളിൽ നിന്ന് ബിഡിംഗ് ക്ഷണിച്ചാണ് വിതരണക്കാരായി ARTCO യെ തെരഞ്ഞെടുത്തത് എന്ന് കാണുന്നു. ഈ നടപടികളിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1 )ബിഡിംഗ് പ്രകാരം നിരക്ക് ക്വോട്ട് ചെയ്ത SIDCO, ARTCO എന്നിവർ നിരക്ക് ക്വോട്ട് ചെയ്ത സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യത്യസ്തമാണ്.

2)വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള സാധനങ്ങളുടെ നിരക്കുകൾ താരതമ്യം ചെയ്ത് ARTCO നിരക്കുകളാണ് കുറഞ്ഞത് എന്ന് എങ്ങനെയാണ് തീരുമാനത്തിൽ എത്തിയത് എന്ന് വ്യക്തമല്ല.

ഇവ കൂടാതെ, താഴെ പറയുന്ന പ്രവൃത്തികൾ ARTCO മുഖേന നടത്തിയിട്ടുണ്ട്.

| **(Bill No KKD 498 /14.03.2023 ₹ 4,82,199 )** | **വില (GST ഉൾപ്പെടെ )** |
|---|---|
| DS Steel Frame Dias Stage With 18mm Ply Wood And Cloth Covering Made 14/1”x1 4/1”,2x14/1” Tubular Frame -Size -381 X 200 Cm<br>(7.620 @ 8989.50) | 80829.99(18% GST) |
| UF1820-ZEEBRA BLINDS DETAILS FOR 1M X1M(1M2)- CURTAIN SIZE 135X 147 CM -5 NOS,<br>144X0.99CM – 1NO.<br>144X153 CM- 1NO.<br>145X0.53CM -1NO.<br>(14.300@ 4916 | 82,952(18% GST) |

ജി ഒ (പി )നം. 104/2022/ Fin തീ. 02.09.2022 പ്രകാരം ARTCO എന്ന സ്ഥാപനത്തെ ഇന്റീരിയർ ഫർണ്ണീഷിംഗ്

വർക്കുകൾ ചെയ്യുവാനുള്ള നോൺ പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി (നോൺ പി.എം.സി) ആയാണ് അംഗീകരിച്ചിട്ടുള്ളത്. SIDCOയെ ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ ചെയ്യാനുള്ള പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി ( പി.എം.സി) ആയാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ SIDCO യിൽ നിന്നും ബിഡിംഗ് ക്ഷണിക്കുന്നത് എപ്രകാരമെന്നും വ്യക്തമല്ല.

ഇക്കാര്യത്തിൽ മറ്റു നോൺ പി എം സി സ്ഥാപനങ്ങളെ (ഉദാ. KADCO(Kerala Artisans Development Corporation), Forest IndustriesTravancore Ltd എന്നിവ) പരിഗണിക്കാതെ ARTCO യിൽ നിന്നും മാത്രമാണ് ബിഡിംഗ് ക്ഷണിച്ചിട്ടുള്ളത്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/22-23/28.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 3,90,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികവിലക്ക് വാഴക്കന്ന് വാങ്ങി

പ്രോജക്ട് : 81/23 വാഴക്കന്ന് വിതരണം - വനിത

അടങ്കൽ : 258100/-(വികസനം- ജനറൽ)

ചെലവ് : 258100/- (22151752038001083247/24.01.2023)

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം വാഴക്കന്ന് 100% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശമുള്ളതാണ്. 2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനുട്സ് പ്രകാരം വാഴക്കന്നി (നേന്ത്രൻ ) ന്റെ യൂണിറ്റ് കോസ്റ്റ് 15/- രൂപയാണ്. കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം ഒരു വാഴക്കന്നിന് 20/-രൂപയായാണ് 12905 വാഴക്കന്നുകൾ, പെരുമണ്ണ ക്ലാരി എക്കോഷോപ്പിൽ നിന്നും വാങ്ങി (ബിൽ നം.414/13.01.2023) വിതരണം ചെയ്തിട്ടുള്ളത്. യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം തുക നൽകാൻ ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/27.11.2023) യൂണിറ്റ് കോസ്റ്റ് തീരുമാനിച്ചുകൊണ്ടുള്ള തീരുമാനം വരുന്നതിനു മുൻപു തന്നെ സപ്ലൈ ഓർഡർ നൽകിയതിനാലാണ് (26.10.2022) ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നാണ് അറിയിച്ചത്. എന്നാൽ പദ്ധതിക്കായി നേന്ത്ര വാഴക്കന്ന് നൽകുന്നതും ട്രഷറി വഴി തുക കൈമാറുന്നതും 01/2023 ലാണ് . സപ്ലൈ ഓർഡർ പുതുക്കി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിലധികം നൽകിയ തുക ₹ 64525 (12905*5) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 23/23പരിരക്ഷാ പാലിയേറ്റീവ് കെയർ | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 78/23 സമഗ്ര നെൽകൃഷി വികസനം | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 440000 | 89/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 440000 |
| ബ്ലോക്ക് പഞ്ചായത്ത് | 633200 | 122/23 ലൈഫ് ഭവന നിർമ്മാണം ജനറൽ | 633200 |
| ബ്ലോക്ക് പഞ്ചായത്ത് | 160000 | 123/23 ലൈഫ് ഭവന നിർമ്മാണം എസ് സി | 160000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 132/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |
| ജില്ലാ പഞ്ചായത്ത് | 212500 | 78/23 സമഗ്ര നെൽകൃഷി വികസനം | 212500 |
| ജില്ലാ പഞ്ചായത്ത് | 121225 | 89/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 121225 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ്-15 വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ **163/23** | .22200749/16.02.23 - 1,99,892 | 1,99,892 | 0 | പൂർത്തീകരിച്ചില്ല | 1,99,892 |
| | വാർഡ്-3 വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ **162/23** | 221517000000008880/14.02.23 | 1,99,892 | 0 | പൂർത്തീകരിച്ചില്ല | 1,99,892 |
| | വാർഡ്-9 കഴുങ്ങിലപ്പടി-കോതറപ്പടി കുറുകത്താണി-പുത്തൂർപള്ളി റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ **216/23** | 22200749/16.02.23 | 1,40,666 | 0 | പൂർത്തീകരിച്ചില്ല | 1,40,666 |
| | കഴുങ്ങിലപ്പടി-കോതറപ്പടി റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ **177/23** | XVFC/2022-23 /P/52/08.02.2023 | 100000 | 0 | പൂർത്തീകരിച്ചില്ല | 100000 |
| | കുറുകത്താണി- | XVFC/2022-23 | 100000 | 0 | പൂർത്തീകരിച്ചില്ല | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | പുത്തൂർപള്ളി സ്ട്രീറ്റ് മെയിൻ വലിക്കൽ 183/23 | /P/53/08.02.2023 | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4395614 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 292563 |
| ആകെ | 4688177 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4688177 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| SBI, Edarikode | 280714 | 67395964058 |
| PKSCB | 4407463 | 0030130002151 |

കുറിപ്പ്..വാർഷിക കണക്കിൽ PKSCB ലെ 2022-23 വർഷം പുതുക്കിയ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് പകരം മുൻവർഷത്തെ നക്ഷേപ തുക (4128771) തന്നെയാണ് ചേർത്തിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2003-04 | 3(2) | 400 | ടിപി അബൂബക്കർ | 1220400019 തീയതി 08.11.22 |
| 2003-04 | 3(2) | 154 | എസ് സുരേന്ദ്രൻ | 1220400020 തീയതി 08.11.22 |
| 2005-06 | 3(3) | 105 | ശ്രീ സജീവ് രാമകൃഷ്ണൻ | 1220400043 തീയതി 10.11.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | അദ്ധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | -ടി- | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് | തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | വർഷം | | | സർട്ടിഫിക്കറ്റ് നമ്പർ, | | | |
| 1 | 2003-04 | 3-12,3-13(1),(2), 3-14(2),3-15 | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell /sc5/09 Dt. 02.05.12 | 28255 | 28255 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2008-09 2010-11 | 3-12 | ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107036228 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109533076 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,525 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,26,893 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 64,525 | ശ്രീമതി റിഷ്‌ല പുളിക്കൽ , കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 15393 | ഡോ. നസീറ കെ.കെ , മെഡിക്കൽ ഓഫീസർ പി എച് സി |
| 1-19 | 34,963 | ശ്രീമതി. ബീന പരോൾ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-20 | 1,50,000 | ശ്രീമതി സമീറ എം, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-21 | 2,700 | ശ്രീമതി സമീറ എം, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-22 | 22,44,600 | ശ്രീമതി റിഷ്‌ല പുളിക്കൽ, കൃഷി ഓഫീസർ |
| 1-25 | 11,960 | ശ്രീമതി സമീറ എം, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-26 | 7,000,00 | ശ്രീ. പ്രഭാകരൻ പരി ,സെക്രട്ടറി |
| 1-27 | 7,40,450 | ശ്രീ. ബിജു എം ,സെക്രട്ടറി |
| 1-28 | 85,000 | ശ്രീമതി ഇന്ദിക സി ,ഹെഡ്മിസ്ട്രസ് |
| 1-31 | 25,962 | ശ്രീമതി ഇന്ദിക സി ,ഹെഡ്മിസ്ട്രസ് |
| 1-35 | 39,749 | ശ്രീ ജോണി ആർ, വി ഇ ഒ |
| 1-47 | 2,86,116 | ശ്രീ. പ്രഭാകരൻ പരി ,സെക്രട്ടറി- 2,13,245 രൂപ &ശ്രീ. ബിജു എം ,സെക്രട്ടറി-72871 രൂപ |

| | | |
|---|---|---|
| 1-48 | 3,90,000 | ശ്രീ. ബിജു എം ,സെക്രട്ടറി |
| ആകെ | 47,26,893 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റിഷ്‌ല പുളിക്കൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് | പുളിക്കത്തൊടി ഹൗസ്, ചിറ്റാനി, രണ്ടത്താണി പി.ഒ, മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 |
| 2002-03 | കെ.എസ്.എ.എം.പി.എം15/2026/22/01-10-2022 | 1 |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 |
| 2004-05 | കെ.എസ്.എ.എം.പി.എം15/2026/22(1) /01-10-2022 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം15/2524(2)/19/05-02-21 | 6 |
| 2006-07 | കെ.എസ്.എ.എം.പി.എം15/2026/22(2) /01-10-2022 | 1 |
| 2007-08 | എൽ.എഫ്.എം.15/1722/11/28-10-2011 | 12 |
| 2008-09 മുതൽ 2010-11വരെ | കെ.എസ്.എ.എം.പി.എം1515/2112/2019/18-10-19 | 5 |
| 2011-12, 2012-13 | എൽ.എഫ്.എം.15/7/2016 Dtd. 16.02.2016 | 10 |
| 2013-14, 14-15 | കെ.എ.എം.പി.എം.15/59/2020(1) Dtd. 05.02.2021 | 3 |
| 2015-16 | കെ.എ.എം.പി.എം.15/59/2020(2) Dtd. 05.02.2021 | 6 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1851/2017 Dt. 30.04.2018 | 16 |
| 2017-18 | കെ.എസ്.എ എം.പി.എം 15/223/2019 Dt. 01.06.2019 | 10 |
| 2018-19 | കെ.എസ്.എ എം.പി.എം 15/6/2020 Dt. 18.04.23 | 1 |
| 2019-20 | കെ.എസ്.എ എം.പി.എം 15/3/2022 /18.04.23 | 6 |
| 2020-21 | കെ.എസ്.എ എം.പി.എം 15/4/2022/13.09.22 | 5 |
| 2021-22 | കെ.എസ്.എ എം.പി.എം 15/2578/202/18.04.23 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 27-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Perumanna Clari Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perumanna Clari Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Perumanna Clari Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Notes on accounts
iii. Comparative amounts)

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.) closing balance of Excess of income over expenditure in balance sheet do not match with trail balance.

4.)The opening balance of receipt and payment is not match with the closing balance of last year.

5)The advance payment given to KSEB and KWA for deposit work not booked in the Advance head in AFS.

6)National Employment Guarantee Scheme contribution amounts in NREGS cash book do not match with AFS.

7)Adavnce Register and Deposit registers are incomplete. Approapriation controle register is not maintained.

8)The renewed amount of fixed deposit is not included in AFS.

9)Asset Register is not upto date and hence not reliable for audit

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്